പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

| | | |
|---|---|---|
| പുസ്തകം 1<br>ലക്കം 7 | എറണാകുളം 1970 മാർച്ച് 15 ഞായർ | വില 35 സ. |


* ഈ ലക്കത്തിൽ *

* കുറിപ്പുകൾ

വിദേശിയ സാംസ്കാരിക കേന്ദ്രങ്ങൾ.
ഗോവധനിരോധനം

* കാഴ്ചപ്പാടുകൾ

പട്ടാളഭരണമെന്ന സ്വപ്നം.

* ലേഖനം

ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

നവീകരണത്തിനുവേണ്ടിയുള്ള ഭാരതവല്ക്കരണം.

* എഴുത്താപ്പുറം

* കത്തുകൾ

കുറിപ്പുകൾ

## വിദേശിയ സാംസ്കാരിക കേന്ദ്രങ്ങൾ

തിരുവനന്തപുരത്ത് റഷ്യൻ സാംസ്കാരിക കേന്ദ്രത്തിനുവേണ്ടി പണിചെയ്തുകൊണ്ടിരുന്ന കെട്ടിടം പൊളിഞ്ഞുവീണതോടുകൂടി വിദേശ സാംസ്കാരിക കേന്ദ്രങ്ങൾ ലോകസഭയ്ക്കകത്തും പുറത്തും ചർച്ചാവിഷയമായിരിക്കയാണ്. കേന്ദ്രഗവർമ്മെണ്ടിന്റെ അനുമതികൂടാതെയാണ് റഷ്യയുടെ സാംസ്കാരിക കേന്ദ്രം പണിയാൻ ആരംഭിച്ചതെന്നയാരോപണമുണ്ടായി. ഇത് സംബന്ധിച്ച് യഥാർത്ഥസ്ഥിതി ഇന്നേവരെ പുറത്ത് വന്നിട്ടില്ല. പക്ഷെ ഈ സംഭവം കേന്ദ്രഗവർമ്മെണ്ട് വിദേശ സാംസ്കാരിക കേന്ദ്രങ്ങളോട് എടുക്കുന്ന നിലപാട് പുനഃപരിശോധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

1954-ൽ ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് തന്നെ അവലംബിച്ച നയമാണ് ഇപ്പോഴും തുടരുന്നതെന്നു കേന്ദ്രഗവർമ്മെണ്ട് വക്താക്കൾ പറഞ്ഞിട്ടുണ്ട്. പക്ഷെ ഇത് ഒട്ടും വിശ്വസനീയമായിത്തോന്നുന്നില്ല. വിദേശ ഗവർമ്മെണ്ടുകളുടെ വ്യാപാരകേന്ദ്രങ്ങളും കൺസലേറ്റുകളും പ്രവർത്തിക്കുന്നിടത്തല്ലാതെ സാംസ്കാരിക കേന്ദ്രങ്ങൾ തുറക്കാൻ അനുമതി നൽകുകയില്ലായെന്നാണത്രെ കേന്ദ്രഗവർമ്മെണ്ടിന്റെ നയം. പക്ഷെ ഇതിനുശേഷം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളിലും, പ്രധാന നഗരങ്ങളിൽപ്പോലും വിദേശ സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. അമേരിക്കയാണ് ഇതിൽ മുന്നിട്ടു നിൽക്കുന്നത്. അമേരിക്കൻ സ്ഥാനപതി കാര്യാലയത്തിന്റെ അധികൃതർ പറയുന്നത് തങ്ങൾ ആരംഭിച്ചിട്ടുള്ള സാംസ്കാരിക കേന്ദ്രങ്ങളെല്ലാം കേന്ദ്രഗവർമ്മെണ്ടിന്റെ പ്രത്യേക അനുമതിയോടെ തുടങ്ങിയവയാണെന്ന്. ഇത് യാഥാർത്ഥ്യമായിരിക്കണം.

ജവഹർലാൽ നെഹ്റുവിന്റെ നിർദ്ദേശങ്ങളെത്തന്നെയവഗണിച്ച് കേന്ദ്രഗവർമ്മെണ്ടിലെ ഉന്നതയുദ്യോഗസ്ഥന്മാർ സാംസ്കാരിക കേന്ദ്രങ്ങൾ തുറക്കാൻ അനുമതി നൽകിയിരുന്നുവെന്നാണ മനസ്സിലാക്കേണ്ടത്. അമേരിക്കൻ അധികൃതർ ഉദ്യോഗസ്ഥ മേധാവികളിൽ ചെലുത്തിയ ഈ സ്വാധീനംതന്നെ വിദേശ സാംസ്കാരിക കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്നതിനു ഏററവും നല്ലവാദമാണ്. കേന്ദ്രഗവർമ്മെണ്ടിന്റെ നയത്തെ മറികടക്കാൻ ഉദ്യോഗസ്ഥമേധാവികളെ പ്രേരിപ്പിച്ചത് ഇത്തരം സാംസ്കാരികകേന്ദ്രങ്ങളിൽനിന്നു പലതരത്തിൽ പ്രസരിച്ചുപോയ സ്വാധീനശക്തിയല്ലാതെ മറെറാന്നുമല്ല. ഇന്നു ഇതിന്റെ ഫലമായി കേന്ദ്രഗവർമ്മെണ്ട് ഒരു വെട്ടിൽ വീണിരിക്കയാണ്. അമേരിക്കയുടെ സാംസ്കാരിക കേന്ദ്രങ്ങൾ ഒന്നൊന്നായി വന്നു നാടാകെ പടർന്നിരിക്കുമ്പോൾ റഷ്യയ്ക്കും സാംസ്കാരിക കേന്ദ്രങ്ങൾ പണിയാൻ അനുമതി നൽകാതിരിക്കാൻ പാറാത്ത സ്ഥിതിയാണ് കേന്ദ്രഗവർമ്മെണ്ടിനുള്ളത്.

മററൊരുതരത്തിലും കേന്ദ്രഗവർമ്മെണ്ടിനു ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുന്നു. ഒരിക്കൽ കേന്ദ്രഗവർമ്മെണ്ടിന്റെ അനുമതിയോടെ (അത് ഗവർമ്മെണ്ടിന്റെ തന്നെ നയത്തിനു വിരുദ്ധമാണെങ്കിലും) ആരംഭിച്ച് പ്രവർത്തനം ആരംഭിച്ച സാംസ്കാരിക കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്നു പറയാൻ അധികൃതർക്കു വിഷമമുണ്ടാകും. എന്നാലും അത് ചെയ്യാതെ നിവൃത്തിയില്ല.

(ശേഷം 16-ാം പേജിൽ)

**ഒരു ലേഖകൻ എഴുതുന്നു**

# നവീകരണത്തിനുവേണ്ടിയുള്ള ഭാരതവൽക്കരണം വേണം

ഭാരതീയ ജനസംഘം 'ഭാരതവൽക്കരണം' നടത്തണമെന്നാവശ്യപ്പെട്ടതു് ലോകസഭയിൽ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുടെ അധിക്ഷേപത്തിനു കാരണമായിരിക്കുന്നു. ഭൂപേശ് ഗുപ്ത രാജ്യസഭയിൽ ഇതു് സംബന്ധിച്ച് അടിയന്തിര പ്രമേയം തന്നെ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയുടെ പൈതൃകത്തെയും മഹാത്മാഗാന്ധിയുടെ പാരമ്പര്യത്തേയും ആദരിക്കുന്നവർ ജനസംഘത്തിന്റെ ഭാരതവൽക്കരണ വാദത്തെ എതിർക്കണമെന്നാണ് അദ്ദേഹം പറയുന്നതു്.

ഇന്ത്യയുടെ എല്ലാ പൈതൃകത്തെയും മററാരേയുംകാൾ പൊക്കിക്കൊണ്ടു് നടക്കുന്നവർ ജനസംഘക്കാരാണ്. ഗോവധനിരോധം നടത്തണമെന്നു മതത്തിന്റെ പേരിൽ ആവശ്യപ്പെടുന്നവരാണവർ. പുരി ശങ്കരാചാര്യരേയും നാഗ സന്യാസിമാരേയും അവർ എഴുന്നള്ളിക്കുന്നു. ഇതെല്ലാം ചെയ്യുന്നതു് ഇന്ത്യയുടെ പൈതൃകത്തിന്റെ പേരിലാണ്. ഈ പൈതൃകത്തെ ബഹുമാനിക്കുന്നവർ ജനസംഘത്തെ ആദരിക്കുകയാണ് ചെയ്യുക. അതുകൊണ്ടു് ഭാരതവൽക്കരണം വേണമെന്ന വാദത്തെ എതിർക്കുന്നതിനു വേറെ വല്ല ന്യായങ്ങളുമന്വേഷിക്കണം.

ഭാരതവൽക്കരണം വേണമെന്നു തങ്ങൾ പറയുന്നതു് മുസ്ലീമുകളെമാത്രം ഉദ്ദേശിച്ചല്ലെന്നും രാഷ്ട്രാന്തരക്കൂറുള്ള എല്ലാഇന്ത്യാക്കാരേയും ഉദ്ദേശിച്ചാണെന്നും ജനസംഘം നേതാക്കൾ പറയുന്നുണ്ടു് രാഷ്ട്രാന്തരക്കൂറു അവസാനിപ്പിക്കണമെന്നാണു് ആവശ്യമെങ്കിൽ അതു് സ്വാഗതം ചെയ്യേണ്ടതാണു്. ഭൂപേശ് ഗുപ്തയെപ്പോലുള്ളവരുടെ റഷ്യൻ അടിമത്തവും അവസാനിപ്പിക്കേണ്ടതു് തന്നെയാണു്. പക്ഷെ ജനസംഘത്തിന്റെ യഥാർത്ഥയുദ്ദേശം ഹിന്ദുമത പുനരുദ്ധാരണമാണെന്നു അവരുടെ ചെയ്തികൾനോക്കിയാൽ മനസ്സിലാകും. ഇവിടെയുത്തു് ജനസംഘത്തെ എതിരക്കേണ്ടതു്. അങ്ങിനെ എതിർക്കുമ്പോൾ മതപരമായ എല്ലാപഴഞ്ചൻ സിദ്ധാന്തങ്ങളേയും എതിർക്കേണ്ടിവരുകയും ചെയ്യും അതിനു ഭൂപേശ് ഗുപ്തയെപ്പോലുള്ള ഇടതു പക്ഷക്കാർ സന്നദ്ധരല്ലെന്നാണു് ഈ രാജ്യം നേരിടുന്ന ദുരന്തത്തിനൊരു കാരണം.

രാജ്യസഭയിൽ നടന്ന ചർച്ചകളുടെയവസരത്തിൽ തന്നെ ഒരംശം ചൂണ്ടിക്കാണിച്ചപോലെ ഇന്ത്യൻകമ്മ്യൂണിസ്റ്റ്പാർട്ടി ഇന്ത്യയിൽ ജനിച്ചവരെല്ലാം ഇന്ത്യാക്കാരാണെന്ന വാദത്തിനു പിന്തുണനൽകുകയുണ്ടായിട്ടില്ല. ഇന്ത്യയിലെ മുസ്ലീമുകൾ പ്രത്യേക രാഷ്ട്രമാണെന്നു വാദത്തിനു അവർ പിന്തുണനൽകിയിരുന്നു. അങ്ങിനെ കമ്മ്യൂണിസ്റ്റ് പാർട്ടിയും മുസ്ലീംലീഗും കൂടിയുന്നയിച്ച ദ്വിരാഷ്ട്രവാദത്തിന്റെ അനന്തരഫലമായി രാജ്യം വിഭജിച്ചശേഷം ജനസംഘക്കാരെപോലുള്ളവർ ഭാരതവൽക്കരണം വേണമെന്നു ആവശ്യപ്പെട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ.

പാക്കിസ്ഥാൻ വാദത്തെയനുകൂലിച്ചവർ ഇന്നു ഇന്ത്യയിലിക്കൂറതായിക്കഴിഞ്ഞുവെന്നാണു പറയുന്നതെങ്കിലും അതു് ആത്മവഞ്ചനയായായിരിക്കും. പാക്കിസ്ഥാൻ വാദത്തിനു വേണ്ടി ജന്മംകൊണ്ട മുസ്ലീംലീഗ് ഇന്നു കേരളത്തിലെ ഭരണകക്ഷികളിൽ ഒന്നാണ്. മുസ്ലീംലീഗ് ഇന്നും പാക്കിസ്ഥാനെയനുകൂലിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം അതിനു വേണ്ടത്ര ധൈര്യമില്ലാത്തതുകൊണ്ടു് മാത്രമാണ്. ആഗ്രഹമില്ലാഞ്ഞിട്ടല്ല. മുസ്ലീംലീഗിനെ താലോലിക്കുന്നവർക്കും മററുമതക്കാരുടെ വർഗീയതയെ പ്രോത്സാഹിപ്പിക്കുന്നവർക്കും ഹിന്ദുവർഗീയതയെ ചെറുക്കാൻ സാധിക്കുകയില്ല. സാധിക്കുമെന്നതു് വ്യാമോഹമാണ്. കഴിഞ്ഞകാലത്തു് ഗാന്ധിയും ഇന്ത്യയിലെ ഇടതുപക്ഷക്കാരും ഈ തെററുചെയ്തിരുന്നു.

അതുകൊണ്ടു് ഭാരതവൽക്കരണത്തെയല്ലാ എതിർക്കേണ്ടതു്, ഹിന്ദുമതപുനരുദ്ധാരണത്തെയാണു്. എല്ലാത്തരം മതപരമായ പുനരുദ്ധാരണങ്ങളായും ചെറുക്കുന്നവർക്കുമാത്രമേ യഥാർത്ഥത്തിൽ മതേതരവാദികളാകാൻ പററുകയുള്ളൂ. എന്നാൽ അങ്ങിനെയല്ലാ ഇന്ത്യയിലെ ഗവർമെണ്ടും രാഷ്ട്രീയകക്ഷികളും പെരുമാറുന്നതു്. ഏററവും അടുത്തകാലത്തു നടന്ന ഉദാഹരണം റാബത്ത് സമ്മേളനത്തിന്റെ കാര്യമാണ്. തീർച്ചയായും അതു് മതപരമായ ഒരു കാര്യം ചർച്ചചെയ്യാൻ കൂടിയ അന്തരാഷ്ട്രസമ്മേളനമായിരുന്നു. ഇന്ത്യാ ഗവർമ്മെണ്ടിനു് അതിൽ സംബന്ധിക്കാൻ ക്ഷണം പിടിച്ചുപറേറണ്ടയാവശ്യമൊന്നുമുണ്ടായിരുന്നില്ല. അൽ അക്സാപള്ളി ഏതോ ഭ്രാന്തൻ കത്തിച്ചതാണു്. ഈജിപ്തിന്റെ മേൽ ഇസ്രയേൽ നടത്തുന്ന ആക്രമണത്തേക്കാൾ പ്രധാനപ്പെട്ടതായി ഇന്ത്യാഗവർമെണ്ടു് കരുതുന്നതെന്നു തോന്നും.

ഇന്ത്യയിൽ പൊതുവെ കാണുന്ന ഈ ചിന്താഗതിക്കു എന്തോ തകരാറുണ്ടു്. നൂറുകണക്കിനു് ഈജിപ്തു്കാർ ഇസ്രായേലിന്റെ ആക്രമണത്തിനു ഇരയാകുമ്പോൾ ഒരു ചലനവും ഈ രാജ്യത്തുണ്ടാകാനില്ലെങ്കിലും ഒരു പള്ളികത്തിച്ചപ്പോൾ നാട്ടുനീളെ മുസ്ലീമുകൾ സംഘടിച്ച് പ്രകടനം നടത്തുകയാണു്. മതപരമായ അന്തരാഷ്ട്രക്കൂറല്ലേ ഇതു കാണിക്കുന്നതു്. അഹമ്മദാബാദിൽ അടുത്തകാലത്തു് നടന്ന വർഗ്ഗീയ ലഹളക്കു തന്നെ കാരണം അൽഅക്സാ പള്ളി കത്തിച്ചതിൽ പ്രതിഷേധിക്കുന്നതിനു നടത്തിയ വമ്പിച്ച പ്രകടനത്തിൽ വിളിച്ച മുദ്രാവാക്യങ്ങളാണെന്നു ചിലർ പറയുന്നുണ്ടു്.

എത്രയനുഭവമുണ്ടായാലും ശരി നമ്മുടെ 'മതേതരവാദി'കൾക്കു ഈ പഴയ ചിന്താഗതിയിൽ നിന്നു വിട്ടുപോരാൻ കഴിയുന്നില്ല. 'ഭാരതവൽക്കരണം' വേണമെന്നു ജനസംഘത്തെപ്പോലുള്ളവർ പറയാനിടകൊടുക്കും മുമ്പേ ഇവർ യഥാർത്ഥ ഭാരതവൽക്കരണത്തിനുവേണ്ടി വാദിച്ചെങ്കിൽ എന്നു ആരും ആശിച്ചുപോകും. എന്നാൽ മതന്യൂനപക്ഷങ്ങളുടെ വർഗ്ഗീയവികാരത്തെ മുതലെടുക്കുന്നതിനാണു് ഇന്ത്യയിൽ കോൺഗ്രസ്സും ഇടതുവലതു കമ്മ്യൂണിസ്റ്റുകാരും മററു ഇടതു പക്ഷകക്ഷിക്കാരും ശ്രമിച്ചുകൊണ്ടിരിക്കുന്നതു് ആളുകളെ മതങ്ങളുടെ പിടിയിൽനിന്നു മോചിപ്പിക്കാതെ നിർത്തുന്നതിനാണോ ഇവർ ആഗ്രഹിക്കുന്നതു്.

ഇതിന്റെ ഫലം ഹിന്ദുക്കൾ - മാത്രം മതപരമായ പിന്തിരിപ്പൻ ചിന്താഗതികളിൽ നിന്നു കൂടുതൽ - കൂടുതൽ വിമുക്തരാകുമ്പോൾ മുസ്ലീമുകൾ മതത്തിന്റെ വിഭിന്നമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും കുടുങ്ങി പിന്നോക്ക നിലയിലാവുകയാണ്. ഇന്നു അതു് സംഭവിക്കുന്നുണ്ടെന്നു യഥാർത്ഥ മതേതര വാദികളായ ഹമീദ് ദൽവായിയെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നുണ്ടു്. 'ഭാരതവൽക്കരണം'

(ശേഷം 15-ാം പേജിൽ)

# എഴുതാപ്പുറം

അച്യുതമേനോൻ മന്ത്രിസഭയെ രക്ഷിക്കാൻ വൻകിടപത്രങ്ങൾ മൽസരിച്ച് മുഖപ്രസംഗങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. 'അച്യുതമേനോൻ മന്ത്രിസഭ' എന്ന തലക്കെട്ടിൽ മാർച്ച് 13-ലെ വെള്ളിയാഴ്ച 'മലയാള മനോരമ' എഴുതിയ മുഖപ്രസംഗത്തിൽ പറയുന്നത് എന്തു ചെയ്തും മന്ത്രിസഭയെ നിലനിർത്തണമെന്നാണ്. മലയാള മനോരമ പറയുന്നു, അച്യുതമേനോന്റെ നേതൃത്വത്തിൽ രൂപവൽകൃതമായ മന്ത്രിസഭ നാലുമാസത്തെ അതിന്റെ ഭരണംകൊണ്ട് ചരിത്രം സൃഷ്ടിച്ചു. ഇതേ ഭരണരീതിയും നയപരിപാടികളുമാണ് ഈ മന്ത്രിസഭ തുടരുന്നതെങ്കിൽ ഇതിനെ തകർക്കാനുള്ള ഏതു ശ്രമവും ജനങ്ങളുടെ അപ്രീതിയും രോഷത്തിനും പാത്രമാകുമെന്നു കാണാത്തവർ കേരളത്തിലുണ്ടായിരിക്കുകയില്ല.

മേനോൻ മന്ത്രിസഭ എന്തു നേട്ടമാണുണ്ടാക്കിയതെന്നു മുഖപ്രസംഗത്തിൽ ഒരിടത്തും തന്നെ പറഞ്ഞുകാണുന്നില്ല. പട്ടയവിതരണമാണ് നേട്ടമെങ്കിൽ, അത് ഈ നാട്ടിലെ ജനങ്ങൾ അംഗീകരിക്കുമെന്നുതോന്നുന്നില്ല, പിന്നെ മലയാള മനോരമയുടെ നോട്ടത്തിൽ മന്ത്രിസഭയുടെ നേട്ടങ്ങൾ എന്താണ്? "സ്വന്തം കൂട്ടുകാരായിരുന്നവർ മാർക്സിസ്റ്റ് പാർട്ടിയെന്ന ബീഭൽസരൂപവും ധരിച്ച് നിരന്തരശല്യങ്ങളും അക്രമങ്ങളും അഴിച്ചുവിട്ട സന്ദർഭത്തിലാണ് സമചിത്തതയും രാജ്യക്ഷേമ താല്പര്യവും കൈവെടിയാതെ ഒരു വിഷമഘട്ടത്തെ അദ്ദേഹവും സഹമന്ത്രിമാരും വിജയപൂർവ്വം തരണംചെയ്തത്''.

മേനോൻ മന്ത്രിസഭ വിജയപൂർവ്വം വിഷമഘട്ടം തരണം ചെയ്തപോലും? പാവപ്പെട്ടവരെ ഭീകരമായി മർദ്ദിച്ചും എല്ലാത്തര നിയമങ്ങളും കീഴ്‌വഴക്കങ്ങളും ലംഘിച്ചു കൊണ്ടു് ആളുകളെ ഇഷ്ടം പോലെ ചുട്ടുകൊന്നും നടത്തിയ പോലീസ് വാഴ്ചക്കാണ് 'മനോരമ' ഈ സമ്മതിപത്രം കൊടുക്കുന്നതു്. ഒരു പക്ഷെ കുട്ടനാടൻ മുതലാളിമാരുടേയും മനോരമക്കാരുടേയും ചൊല്പടിക്കു് മേനോൻ ഭരണത്തിന്റെ പോലീസ് നിൽക്കുന്നതു കൊണ്ടാവാം ഈ സമ്മതിപത്രം കൊടുത്തിട്ടുള്ളതു്.

ഇവിടെ പോലീസ് അക്രമം നടമാടുന്നു എന്നു മാർക്സിസ്റ്റ് പ്രവർത്തകർ പറയുന്നതു് അവരെ സംബന്ധിച്ചിടത്തോളം ശരിയാണെന്നും മുഖപ്രസംഗത്തിൽ പറയുന്നുണ്ടു്. പക്ഷെ മാർക്സിസ്റ്റുകാരെ മർദ്ദിക്കുന്നതു് മനോരമയുടെ നോട്ടത്തിൽ നിയമവാഴ്ചയാണെന്നു മാത്രം. ഈ നാട്ടിലെ ഏററവും വലിയ രാഷ്ട്രീയകക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരെ മർദ്ദിക്കുന്നതാണോ ജനാധിപത്യം? തങ്ങളുടെ പിന്തുണയോടുകൂടി മാത്രം ജയിക്കാൻ സാധിച്ച കക്ഷികൾ ചേർന്നുണ്ടാക്കിയിട്ടുള്ള കുറുമുന്നണി മന്ത്രിസഭ നടത്തുന്ന മർദ്ദനത്തെ മാർക്സിസ്റ്റ് പാർട്ടി എതിർത്താൽ അതു് ജനാധിപത്യ വിരുദ്ധ നടപടിയുമായി. വിചിത്രമായ നീതി ബോധം തന്നെ!

'ഇതുവരെയുള്ള ഭരണ നടപടികൾ ആസ്പദമാക്കി ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുള്ള ഏററവും നല്ല ഭരണങ്ങളിൽ ഒന്നാണ്' അച്യുതമേനോൻ മന്ത്രിസഭയെന്നു മനോരമ പുകഴ്ത്തുന്നു. അങ്ങിനെയാണെങ്കിൽ പിന്നെ അച്യുതമേനോൻ മന്ത്രിസഭയെ തകർക്കുന്നവർക്കു ജനങ്ങൾ വോട്ടു നൽകുകയില്ലല്ലോ. 'മനോരമ'ക്കു അക്കാര്യത്തിൽ വേവലാതിയൊന്നും ഉണ്ടാകേണ്ടയാവശ്യമില്ല. ജനങ്ങൾ ഈ മന്ത്രിസഭയെത്തന്നെ വീണ്ടും അധികാരത്തിൽ കൊണ്ടു് വരുകയും മാർക്സിസ്റ്റുകാരെ തോല്പിക്കുകയും ചെയ്യുന്നതു് മനോരമക്കു സന്തോഷകരമായിരിക്കേണ്ടതല്ലേ?

സംഘടനാ കോൺഗ്രസ്സുകാർ മേനോൻ മന്ത്രിസഭക്കെതിരായി വോട്ടുചെയ്തേങ്കിലോ എന്നാണ് 'മനോരമ'യുടെ ഭയം. കേരളത്തിൽ മാർക്സിസ്റ്റുകാർ ചേർന്നുള്ള മറെറാരു മന്ത്രിസഭയോ പ്രസിഡന്റു ഭരണമോ ക്ഷണിച്ചുവരുത്തുന്നത് ഏതു പാർട്ടിയാണെങ്കിലും ജനങ്ങൾ അതിനെ അപ്രീതിയോടുകൂടിയേ വീക്ഷിക്കുവെന്നാണ് മനോരമയുടെ അഭിപ്രായം. ജനങ്ങളുടെ അപ്രീതി സമ്പാദിക്കാൻ ആർക്കെങ്കിലും താല്പര്യമുണ്ടാകുമോ മനോരമേ? മനോരമയുടെ അപ്രീതിയുണ്ടാവുമെന്നു തീർച്ചയാണ് പക്ഷെ ജനങ്ങളെ വലിച്ചിഴയ്ക്കുകയൊന്നുംവേണ്ട. കോൺഗ്രസ്സുകാരുടെ വോട്ടൊന്നും തങ്ങൾക്കു വേണ്ടെന്നു പറഞ്ഞ് അധികാരമേറെറടുത്ത അച്യുതമേനോൻ മന്ത്രിസഭയെ എന്തു ത്യാഗം സഹിച്ചും പിൻതുണ നൽകണമെന്നു തീരുമാനിക്കാൻ കേരളത്തിലെ കെ. പി. സി. സി. അഡ്ഹോക്ക് കമ്മററിക്കാരല്ലാതെ മറെറാരു രാഷ്ട്രീയ കക്ഷിയുമുണ്ടാകുമെന്നു തോന്നുന്നില്ല.

മേനോന്റെ മന്ത്രിസഭ ഇന്ത്യയിലെ തന്നെ ഏററവും നല്ല മന്ത്രിസഭയാണെന്നു 'മനോരമ' പറയുന്നതുകൊണ്ടുതന്നെ ഈ നാട്ടിലെ പാവപ്പെട്ടവർക്കു എതിരാണു് അതെന്നു വ്യക്തമാണു്. കേരളാ കോൺഗ്രസ്സും മുസ്ലീലിഗും നിയന്ത്രിക്കുന്ന ഭരണം 'മനോരമ'യുടെ താല്പര്യത്തിനു് അനുസൃതമായിരിക്കുകയല്ലേയുള്ളൂ. ഇന്നത്തെ ജനാധിപത്യരീതിയിൽ കേരളത്തിൽ നടന്ന ഏററവും നല്ല ഭരണം 'ശങ്കർ' ഭരണമായിരുന്നുവെന്നു സമ്മതിക്കണം. 'മനോരമ' ആക്രമികൾ എന്നും കൊലപാതകികൾ എന്നുംപറയുന്ന മാർക്സിസ്റ്റുകാരുടെ നേതാക്കളായ ഇ. എം. എസ്സ്, എ. കെ. ജി. എന്നിവരുടെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിരുന്ന സന്ദർഭമാണത്. എന്നിട്ടും നാലരക്കൊല്ലത്തോളം ഒററ വെടിവെപ്പു ഒന്നും ഉണ്ടാക്കാതെ ശങ്കർ മന്ത്രിസഭക്കു ഭരിക്കാൻ കഴിഞ്ഞു. അതിനും പുറമെ കേരളത്തിൽ സി. പി. രാമസ്വാമി അയ്യരുടെ ഭരണത്തിനുശേഷം എന്തെങ്കിലും വ്യവ

**നന്നായി, ഒന്നാംതരം, ഇഷ്ടപ്പെട്ടു എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്നു് അഭ്യർത്ഥിക്കുന്നു. വാരികയിൽ വരുന്ന ലേഖനങ്ങളെക്കുറിച്ചു് ഗൗരവപൂർവ്വം നിരൂപണം നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കണമെന്നാണു് ആഗ്രഹിക്കുന്നതു്. വായനക്കാരുടേയും പൊതുജനങ്ങളുടേയും ശ്രദ്ധയാകർഷിക്കണമെന്നാഗ്രഹിക്കുന്ന സംഭവങ്ങളെക്കുറിച്ചും എഴുത്തുകൾ അയക്കാവുന്നതാണു്. പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്ത കത്തുകളാണെങ്കിൽ ആ വിവരം പ്രത്യേകം എഴുതിയിരിക്കണം. എല്ലാ കത്തുകളിലും പൂർണ്ണമായ മേൽവിലാസം എഴുതുക. —പത്രാധിപർ.**

സായവൽക്കരണം നടന്നതും ശങ്കർ മന്ത്രിസഭയുടെ ഭരണകാലത്താണ്. ഇന്നത്തെപ്പോലെ ആനയും അമ്പാരിയുമൊന്നുമില്ലാതെയും ജന്മിമാരുടേയും ഭക്തോത്തമന്മാരുടേയും പൂമാലകൾ ഒന്നും വാങ്ങാതെയും ശങ്കർ മന്ത്രിസഭയുടെ കാലത്ത് അമ്പതിനായിരം കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തി. അന്നു പാവപ്പെട്ടവരെ മർദ്ദിക്കാൻ പോലീസിനെ അയച്ചിരുന്നില്ല. ആരെയും കള്ളക്കേസിൽ കുടുക്കിയിരുന്നില്ല. ആകപ്പാടെ ചുരുളിയിൽ പദ്ധതി പ്രദേശത്ത് നിന്നു ആളെ ഒഴിക്കേണ്ടി വന്ന സന്ദർഭത്തിൽ മാത്രം ലാത്തിച്ചാർജ്ജ് നടത്തേണ്ടിവന്നു. ശങ്കർ മന്ത്രിസഭയുടെ കാലത്ത് വിദ്യാലയങ്ങളിൽ ഫീസില്ലാതാക്കുകയും പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആദ്യമായി വാർദ്ധക്യകാലപെൻഷനും രോഗികൾക്ക സഹായധനവും കൊടുക്കാൻ ആരംഭിച്ചതും ശങ്കർ മന്ത്രിസഭയാണ്. കാമ്പില്ലാത്തതെന്നു തെളിയിക്കപ്പെട്ട അഴിമതിയാരോപണങ്ങളല്ലാതെ മന്ത്രിമാർക്കെതിരായി ആരോപണമൊന്നും ഉണ്ടായിട്ടുമില്ല. കേരളത്തിൽ നടന്നതിൽ ഏററവും നല്ല ഭരണം ശങ്കർമന്ത്രിസഭയുടേതാണെന്ന് നിഷ്പക്ഷമതികൾ സമ്മതിക്കുമ്പോൾ 'മനോരമ' അച്ചുതമേനോൻ മന്ത്രിസഭക്ക ഇങ്ങനെ സർട്ടിഫിക്കററ് കൊടുത്തതിന്റെ കാരണം 'മനോരമ'യുടേയും പിന്തിരിപ്പന്മാരുടേയും താല്പര്യംസംരക്ഷിക്കുന്നതുകൊണ്ടായിരിക്കണം.

യഥാർത്ഥത്തിൽ കോൺഗ്രസ്സിൽ ശക്തിയായ ഗ്രൂപ്പു വഴക്കുണ്ടായിരുന്നപ്പോഴും ശങ്കർ മന്ത്രിസഭക്ക ഈ നേട്ടമുണ്ടാക്കാൻ കഴിഞ്ഞെങ്കിൽ, ഐക്യമുന്നണിയിലെ കക്ഷികൾ തമ്മിൽ പരസ്പരം എതിർക്കുമ്പോഴും പൊതുവായ താല്പര്യങ്ങൾക്കുവേണ്ടി നേട്ടങ്ങളുണ്ടാക്കാൻ ഈ. എം. എസ്സ്. മന്ത്രിസഭക്ക കഴിയേണ്ടതായിരുന്നു. ഇ. എം. എസ്സ്. ഗവർമ്മേണ്ടിനെ ആ രീതിയിൽ വിമർശിച്ചിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു.

ഇതിലൊക്കെ വിചിത്രമായിട്ടുള്ളത് അച്ചുതമേനോൻ മന്ത്രിസഭ എത്ര നല്ല കാര്യം ചെയ്താലും കോൺഗ്രസ്സുകാർ കോൺഗ്രസ്സിനുതന്നെ വോട്ടു ചെയ്യുമെന്ന 'മനോരമ, യുടെ വാദമാണ്. അപ്പോൾ ഭരണത്തിന്റെ നന്മതിന്മയും ആളുകളുടെ വോട്ടുംതമ്മിൽ ബന്ധമില്ലെന്നാണോ മനോരമ പറയുന്നതു്? ജനാധിപത്യത്തിൽ വലിയ വിശ്വാസമൊന്നും 'മനോരമ'ക്കില്ലെന്നു തോന്നുന്നു. സത്യത്തിൽ സൽഭരണത്തിന്റെ പേരിലും പ്രസിഡന്റ്ഭരണം വരുത്താതിരിക്കുന്നതിന്റെ പേരിലും 'മേനോൻ' മന്ത്രിസഭയെ താങ്ങിനിർത്തണമെന്നു 'മനോരമ', പറയുന്നതിന്റെ പിന്നിൽ മാർക്സിസ്റ്റ് പാർട്ടിയുടെ സ്വാധീനത്തെക്കുറിച്ചുള്ള ഭയവും സ്വന്തം താല്പര്യം സംരക്ഷിക്കാനുള്ള വ്യഗ്രതയുമാണ്. അതുകൊണ്ടുള്ള വൈരുദ്ധ്യം മുഖപ്രസംഗത്തിൽ ഉടനീളം കാണാൻ കഴിയും.

''ബംഗാളിലേയും കേരളത്തിലേയും ഭരണ ചരിത്രം കൊണ്ട് ജനങ്ങളുടെ വെറുപ്പും വിരോധവും മാത്രം സമ്പാദ്യമായുള്ള മാർക്സിസ്റ്റ് പാർട്ടി'' യെന്നാണ് 'മനോരമ' പറയുന്നതു്. അങ്ങിനെയാണെങ്കിൽ മാർക്സിസ്റ്റ്കാർക്ക് ഇന്നുള്ള സ്ഥാനങ്ങൾ തന്നെ കുറക്കാൻ ഒരു ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നല്ലേ ആവശ്യപ്പെടേണ്ടതു്? അങ്ങിനെ 'മനോരമ' ആവശ്യപ്പെടുകയില്ല. കാരണം ഇടക്കാല തെരഞ്ഞെടുപ്പ് നടന്നാൽ അതിന്റെ ഫലം 'മനോരമ'ക്ക അനുകൂലമായിരിക്കയില്ല.

ഇന്ത്യൻ എക്സ്പ്രസ്സ് പത്രാധിപർ നന്ദൻ കാഗൽമാർച്ച് 13-ാംനു എഴുതിയ ലേഖനത്തിൽനിന്നു ഇതു് വ്യക്തമാകുന്നുണ്ട്. 'മനോരമ' ആരോപിക്കുന്ന ദുർഭരണത്തിന്റെ ഫലമായി മാർക്സിസ്റ്റ്കാരുടെ സ്വാധീനം ജനങ്ങൾക്കിടയിൽ വളരെ വർദ്ധിച്ചിട്ടുണ്ടെന്നു പറയാനുള്ള സന്മനസ്സെങ്കിലും നന്ദൻകാഗൽ കാണിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു ''ജ്യോതിബാസുവിന്റെ പാർട്ടിക്ക പടിഞ്ഞാറെ ബംഗാളിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും വിസ്തൃതമായ ഒരടിസ്ഥാനമുണ്ടെന്നു മാത്രമല്ലാ,..........ഒരു വർഷം മുമ്പ് രണ്ടാം ഐക്യമുന്നണി മന്ത്രിസഭയുണ്ടാക്കിയ ശേഷം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാനം കൂടുതൽ വിസ്തൃതവും ബലവത്തും ആകുകയാണുണ്ടായിട്ടുള്ളതു്.

തൊഴിലാളികൾക്കിടയിലും ബംഗാളിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരുടെ സ്വാധീനം വർത്തിച്ചിരിക്കുകയാണെന്നാണ് നന്ദൻ കാഗൽ പറയുന്നത് ''ഐക്യമുന്നണിയിലെ മററു കക്ഷികളുടെ പ്രത്യേകിച്ചും ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ എതിർപ്പുകളുണ്ടായിരുന്നിട്ടും നഗരങ്ങളിൽ സംഘടിത ജനവിഭാഗങ്ങളിൾക്കിടയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി ഗണ്യമായി സ്വാധീനം വർത്തിപ്പിച്ചിട്ടുണ്ട്''. മാത്രമല്ല ''കഴിഞ്ഞ ഏതു കാലത്തും ഗ്രാമപ്രദേശത്ത് കോൺഗ്രസിനുണ്ടായിരുന്ന സ്വാധീനത്തെ അപേക്ഷിച്ച് മാർക്സിസ്റ്റ് പാർട്ടിക്കും ഐക്യമുന്നണി മന്ത്രിസഭ വന്നശേഷം പിടിമുറുകിയിട്ടുണ്ട്''.

അപ്പോൾ 'ഇന്ത്യൻ എക്സ്പ്രസ്സും' 'മനോരമ'യെപ്പോലുള്ള പത്രങ്ങളും ഇതുകാലം പ്രചരിപ്പിച്ചിരുന്നതൊന്നും കേൾക്കാതെ ബംഗാളിലെ ജനങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയെ കൂടുതൽ കൂടുതൽ പിന്തുണക്കുകയാണെന്നാണവരുന്നത്. എന്നിട്ടും ജനാധിപത്യത്തിന്റെ പേരിൽതന്നെ ആണയിടുന്ന നമ്മുടെ പത്രങ്ങൾ മുഖപ്രസംഗം എഴുതുന്നത് നോക്കു. ബംഗാളിൽ നിന്നു വ്യവസായങ്ങൾ ഒഴിച്ചുപോകുന്നതിനെപ്പററി ഇത്തവണ 'മാതൃഭൂമി'യാണ് ഖേദിക്കുന്നത്. ''ബിർളാസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന നാല്പതുശതമാനത്തോളം ബംഗാളികൾതന്നെയാണ് സ്വന്തം സംസ്ഥാനം വിട്ട് ഓടാൻ ഉദ്യുക്തരായി നിൽക്കുന്നതെന്നു ഓർക്കുമ്പോൾ, ഈ 'പ്രയാണം' ബിർളയുടെ ''കുതന്ത്ര''മല്ലെന്നു വ്യക്തമാകും. ഒരു വ്യവസായ സ്ഥാപനത്തിന്റെ നട്ടെല്ലായ വിഭാഗത്തിൽപ്പെട്ടവരും അഞ്ചുപത്തുകൊല്ലത്തെ പഴക്കമുള്ളവരുമായ ''മാനേജ്മെൻറ്'' ചുമതലക്കാരാണ് വിട്ടൊഴിയുന്നത്-പ്രാണഭയംകൊണ്ട്''.

ബംഗാളികൾക്ക നാടുവിടേണ്ടിവരുന്ന സ്ഥിതി ജ്യോതിബാസു വരുത്തിവെച്ചിട്ടും ബംഗാളികൾഅദ്ദേഹത്തിന്റെപാർട്ടിക്ക കൂടുതൽ-കൂടുതൽപിന്തുണയാണ്നൽകുന്നതു്? എന്തു ചെയ്യാം? വ്യവസായത്തിന്റെ 'നട്ടെല്ല്', എന്നു 'മാതൃഭൂമി' പറയുന്ന 'മാനേജ്മെൻറ്', വിഭാഗക്കാർക്ക് ജ്യോതിബാസുവിനോട് അത്ര ഇഷ്ടമുണ്ടായിരിക്കുകയില്ല. ജ്യോതിബാസുവിന്റെ നോട്ടത്തിൽ വ്യവസായത്തിന്റെ നട്ടെല്ല് ഒരുപക്ഷെ തൊഴിലാളികളായിരിക്കാം. ജ്യോതിബാസു ബംഗാളിൽ നിന്നു ബിർളയെ ഓടിക്കുന്നുവെന്നു പരാതിപ്പെടുന്നയവസരത്തിൽതന്നെ 'മാതൃഭൂമി'ക്കാരെപോലുള്ളവർക്ക ചിലപ്പോൾ സോഷ്യലിസം പുറത്തുചാടും. അന്നു ഇ. എം. എസ്സ്. ബിർളയെ വിളിച്ചുവരുത്തുന്നുവെന്നാകും അവരുടെ പരാതി.

—ഠ—

**കാഴ്ചപ്പാടുകൾ**

# പട്ടാളഭരണമെന്ന സ്വപ്നം

**രാജൻ**

ഇന്ത്യയെ രക്ഷിക്കാൻ സൈനികഭരണം ഏർപ്പെടുത്തണമെന്നു ജനറൽ കരിയപ്പ അഭിപ്രായപ്പെട്ടിരിക്കുന്നു. രാഷ്ട്രപതി ഭരണഘടന സസ്പെണ്ടു് ചെയ്തു് ഭരണം സൈന്യത്തെ ഏല്പിച്ചുകൊടുക്കണമെന്നാണു് കരിയപ്പ നിർദ്ദേശിക്കുന്നതു്. പ്രായപൂർത്തി വോട്ടവകാശം വേണ്ടെന്നു വെച്ചു വിദ്യാസമ്പന്നർക്കു മാത്രം വോട്ടവകാശം നൽകണമെന്നും അദ്ദേഹം പറയുന്നു. മാത്രമല്ലാ വിദ്യാർത്ഥികളെ രാഷ്ട്രീയ രംഗത്തു് നിന്നു പാടെ ഒഴിച്ചുനിർത്തണമെന്നും ജനറലിനു അഭിപ്രായമുണ്ടു്.

മുൻ സർവ്വസൈന്യാധിപന്റെ ഈയഭിപ്രായം അനാശാസ്യവും നിരുത്തരവാദപരവുമാണെന്നാണു് അഭ്യന്തര മന്ത്രി വൈ. ബി. ചവാൻ പറഞ്ഞിരിക്കുന്നതു്. രാജ്യത്തിലെ അച്ചടക്കമില്ലായ്മയും, ബംഗാളിലും മററും നിയമസമാധാന നില തകരാറിലായതും കാരണമാണു് ജനറൽ കരിയപ്പ ഇങ്ങനെ അഭിപ്രായം പറയാൻ ഇടയായതെന്നാണു് സ്വതന്ത്രാ പാർട്ടി നേതാവു് എൻ. ജി. രംഗയുടെ ആശ്വാസം. ഏതായാലും രംഗ സൈനിക ഭരണത്തോടു് യോജിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടു്.

ജനറൽ കരിയപ്പ ഉള്ളിലിരുപ്പു് തുറന്നു പറഞ്ഞതു് നന്നായി. കരിയപ്പയെപ്പോലെ ചിന്തിക്കുന്നവർ ഇനിയുമുണ്ടെന്നു തീർച്ചയാണു്. പട്ടാളത്തിനകത്തും കൈത്തരിപ്പുള്ളവർ കാണാതിരിക്കയില്ല. ജനാധിപത്യം, പ്രക്ഷോഭണം, പ്രകടനം എന്നൊക്കെ കേട്ടാൽ രുചിക്കുന്നവരായിരിക്കയില്ല, നമ്മുടെ പട്ടാളമേധാവികൾ. അവർക്കു അതിനോടൊക്കെ പുച്ഛമായിരിക്കും. അത്തരത്തിലാണു് നമ്മുടെ പട്ടാളത്തിലെ ഉയർന്ന സ്ഥാനങ്ങളിലേക്കു തെരഞ്ഞെടുപ്പു് നടത്തുന്നതു്. പട്ടാള മേധാവികൾക്കു നൽകുന്ന പരിശീലനവും നാട്ടുകാരെ പുഛിക്കാൻ പഠിപ്പിക്കുന്നതാണു്.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കാവൽഭടന്മാരായിരുന്നല്ലോ നമ്മുടെ പട്ടാളമേധാവികളിൽ മിക്കവരും. സാമ്രാജ്യത്വത്തിന്റെ സംരക്ഷണത്തിനുവേണ്ടി വെള്ളയജമാനന്മാരുടെ കല്പനയനുസരിച്ചു് നാട്ടുകാരെ ചുട്ടുകൊന്ന പാരമ്പര്യം നമ്മുടെ പട്ടാളത്തിനു വേണ്ടുവോളമുണ്ടു്. ആ കൃത്യം പട്ടാളമേധാവികൾ ഒരു മാതിരി ഭംഗിയായിത്തന്നെ നിർവ്വഹിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. ജനറൽ കരിയപ്പക്കും അതിൽ അർഹമായ പങ്കു് നൽകേണ്ടതാണു്. പക്ഷെ അന്നൊന്നും അദ്ദേഹത്തിനു രാജ്യസ്നേഹം ഇന്നത്തെപോലെയുണ്ടായിട്ടില്ല. യഥാർത്ഥ "പട്ടാളക്കാരൻ എന്ന നിലയിൽ മേലാളന്മാരുടെ കല്പന കൃത്യമായി നിർവ്വഹിച്ചു് ഉദ്യോഗക്കയററം കാത്തിരിക്കമാത്രമാണു് കരിയപ്പ അന്നൊക്കെ ചെയ്തിട്ടുള്ളതു്. അനുസരണയിൽ കവിഞ്ഞൊരു ഗുണവും പട്ടാളക്കാരനു വേണ്ടെന്നു കരുതുന്ന നമ്മുടെ ഭരണാധികാരികൾ കരിയപ്പയെ ഭാരതത്തിന്റെ ആദ്യത്തെ സർവ്വസൈന്യാധിപനുമാക്കിയല്ലോ.

ഇപ്പോൾ കരിയപ്പ രാജ്യത്തെ രക്ഷിച്ചേയടങ്ങുവെന്ന വാശിയുമായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണു്. നമ്മുടെ നാടിന്റെ പ്രശ്നങ്ങൾക്കു അദ്ദേഹം നിർദ്ദേശിക്കുന്ന പോംവഴിയാണു് സൈനികഭരണം. പട്ടാളം 'വിപ്ലവം' നടത്തി അധികാരമേൽക്കണമെന്നൊന്നും അദ്ദേഹം പറയുന്നില്ല. രാഷ്ട്രപതി സൈനികഭരണം ഏർപ്പെടുത്തണമെന്നാണു അദ്ദേഹം ആവശ്യപ്പെടുന്നതു്. ഒരുപക്ഷെ, പട്ടാളവിപ്ലവം നടത്താൻ കഴിവുള്ള പട്ടാള മേധാവികൾ ഇന്ത്യയിലില്ലെന്നു കരിയപ്പക്കു നന്നായി അറിയാമായിരിക്കണം. അതുകൊണ്ടായിരിക്കും അദ്ദേഹം, ഭരണം എടുത്തു് സൈനിക മേധാവികളെ ഏല്പിച്ചുകൊടുക്കാൻ ആവശ്യപ്പെടുന്നതു്. നമ്മുടെ പട്ടാളം രാജ്യരക്ഷക്കു കൊള്ളില്ലെന്നു തീരുമാനിച്ചു് വല്ല രാഷ്ട്രീയ പ്രവർത്തകരേയും സൈനികമേധാവിയാക്കി നിയമിക്കാൻ ജനറൽ കരിയപ്പ സമ്മതിക്കുമോ? ചൈനയുമായി നടന്ന അതിർത്തിസംഘട്ടനത്തിൽ ഇന്ത്യക്കു തോൽവിയാണല്ലോ പററിയതു്. ആ തോൽവിക്കു കാരണം പട്ടാളമേധാവികളുടെ കഴിവില്ലായ്മയാണെന്നു രാഷ്ട്രീയ നേതാക്കൾക്കു തോന്നിയെന്നുവെയ്ക്കുക. അങ്ങിനെ തോന്നിയാൽ കുററപ്പെടുത്തി കൂടല്ലോ. രാഷ്ട്രീയ നേതാക്കൾ പട്ടാളത്തെ കമാണ്ടു് ചെയ്യാൻ ഒരു രാഷ്ട്രീയക്കാരനെ ചുമതല ഏൽപ്പിച്ചാൽ കരിയപ്പക്കു എന്തുതോന്നും?

കരിയപ്പ പറയും സൈനികരെ നയിക്കുകയെന്നു പറയുന്നതു് രാഷ്ട്രീയംപോലുള്ള കാര്യമല്ലെന്നു. അതിനു പ്രത്യേക പരിശീലനവും പരിജ്ഞാനവും വേണമെന്നു. രാഷ്ട്രീയക്കാർക്കു് യുദ്ധത്തെപ്പററി എന്തറിയാമെന്നു? അങ്ങിനെ നൂറു നൂറു ആക്ഷേപങ്ങൾ കരിയപ്പയും അദ്ദേഹത്തെപ്പോലുള്ളവരും ഒററ ശ്വാസത്തിൽ തന്നെ പറയും. അതേപോലെതന്നെ രാജ്യഭരണമെന്നു പറയുന്നതു് രാഷ്ട്രീയ കാര്യമാണെന്നും അതു് രാഷ്ട്രീയ രംഗത്തുള്ളവർ കൈകാര്യം ചെയ്തുകൊള്ളുമെന്നും പറഞ്ഞാൽ കരിയപ്പക്കു മനസ്സിലാക്കാനൊക്കുമോ? ആയുഷ്കാലം മുഴുവൻ വെള്ളമേധാവിത്വത്തെ വിശ്വസ്തതയോടെ പൂജിച്ചു ശീലിച്ചയാളാണെങ്കിലും കഴിഞ്ഞ പത്തിരുപത്തിരണ്ടു് കൊല്ലം സ്വതന്ത്ര ഇന്ത്യയിൽ ജീവിച്ചയാളാണല്ലോ കരിയപ്പ. അതുകൊണ്ടു് കരിയപ്പക്കു കുറെയൊക്കെ ജനാധിപത്യ ചിന്തയുണ്ടായിക്കാണണം

## അധികാരക്കൊതി മാത്രം പോര

രാഷ്ട്രീയം കൈകാര്യം ചെയ്യണമെങ്കിൽ അധികാരക്കൊതിയുണ്ടായതുകൊണ്ടു മാത്രമായില്ല. അതിനും വേണം അറിവും പരിചയവും വീക്ഷണവുമൊക്കെ. എല്ലാററിനുമുപരി രാജ്യസ്നേഹമുണ്ടായിരിക്കണം. രാഷ്ട്രതന്ത്രമറിഞ്ഞിരിക്കണം. കരിയപ്പയെപ്പോലുള്ള മേധാവികൾക്കു ഉദ്യോഗക്കയററത്തിൽ കവിഞ്ഞ രാജ്യസ്നേഹമൊന്നുമുണ്ടായിരുന്നില്ല. അവരെ പരിശീലിപ്പിച്ചതും അവർ പരിശീലിച്ചതും നാട്ടുകാരെ പുച്ഛിക്കുന്നതിനാണു്. സാധാരണ ജനങ്ങളിൽ നിന്നു എത്രയകലുന്നോ അത്രയും യോഗ്യത കൂടുന്നതായാണു് കണക്കാക്കപ്പെട്ടിരുന്നതു്. പട്ടാളത്തിൽ തന്നെ ഉയർന്ന ഉദ്യോഗസ്ഥന്മാരും സാധാരണ സൈനികരും തമ്മിലുള്ള അന്തരം ബോധപൂർവ്വം നിലനിർത്തിയിരുന്നു. എല്ലാ രംഗത്തും വെള്ളക്കാരെയനുകരിക്കാനാണു പഠിപ്പിച്ചിരുന്നതു്. പട്ടാളയുദ്യോഗസ്ഥന്മാരെപ്പോലെ ഇത്രയേറെ വെള്ളയജമാനന്മാരെയനുകരിച്ചവർ ഭാരതത്തിൽ മറെറാരു തുറയിലും കാണുകയില്ല. കുട്ടികളെയും പട്ടികളെയും വളർത്തുന്നതിൽവരെ ഈയനുകരണം കാണാമായിരുന്നു. 'മമ്മി, ഡാഡി' എന്നിങ്ങനെ കുട്ടികളെ നിർബ്ബന്ധിച്ചു് വിളിപ്പിക്കാനും

വെള്ളയെജമാനന്മാരെയനുകരിച്ചു് ഭാര്യയെ നൃത്തം ചവിട്ടിക്കാനും പട്ടാളമേധാവികൾ ശ്രദ്ധാലുക്കളായിരുന്നു.

ഇന്നും പട്ടാളമേധാവികളുടെ രീതിക്കു പറയത്തക്ക മാററമൊന്നുമുണ്ടായിട്ടില്ല. ബ്രിട്ടണിലെ 'സാൻഡേഴ്സി, ൻെറ സ്ഥാനത്തു് പൂനയിലെ ഡിഫൻസ് അക്കാഡമിയുണ്ടായതും 'സ്റ്റാൻറ് അററ് ഈസി' നു പകരം 'ആരാംസെ' ആയതുമല്ലാതെ വ്യത്യാസമൊന്നുമുണ്ടായിട്ടില്ല. കഴുത്തു കുറുകെ 'ടൈ' കെട്ടുന്നതിനും സ്പൂണും കത്തിയും പിടിക്കുന്നതിനും മററും പഴയതിനേക്കാൾ കൂടുതൽ വില പട്ടാളയുദ്യോഗസ്ഥന്മാരുടെ ഭക്ഷണശാലകളിൽ ഇന്നും കല്പിക്കപ്പെടുന്നുണ്ടു്. ജനങ്ങളുമായി ബന്ധമില്ലാത്തതാണു് ഇന്നും നൽകപ്പെടുന്ന പരിശീലനം. ഒരു കാര്യത്തിൽ മാത്രം ചെറിയ വ്യത്യാസമുണ്ടായിട്ടുണ്ടു്. വെള്ളക്കാരോടു് കാണിച്ചിരുന്നയത്ര ഭക്തിയാദരങ്ങൾ നാട്ടുകാരായ ഭരണാധികാരികളോടു് പട്ടാളമേധാവികൾക്കില്ല. ഖാദിക്കുപ്പായവും ഗാന്ധിത്തൊപ്പിയും ധരിച്ചു് വന്നു 'ഗാർഡ് ഓഫ് ഓണർ' പരിശോധിച്ചു് പോകുന്ന മന്ത്രി സ്ഥലം വിട്ടെന്നു ഉറപ്പായാൽ പിന്നെ 'ബ്ളഡി സിവിലിയൻസ്' എന്നു തമ്മിൽ തമ്മിൽ പിറുപിറുക്കുന്ന പട്ടാള മേധാവികൾ ധാരാളമുണ്ടു്. പണ്ടും തങ്ങളുടെ യജമാനന്മാരായ വെള്ളക്കാർ 'ബ്ളഡി ഇന്ത്യൻസ്', പറയുന്നതു് കേട്ടു് 'യെസ് സേർ' പറഞ്ഞു ശീലിച്ച പട്ടാള മേധാവികൾ ഇന്നു 'ബ്ളഡി സിവിലിയൻസ്' പറയുന്നു. അതിൽപ്പോലും അനുകരിക്കുന്നവരാണവർ.

പട്ടാളം വന്നാൽ പട്ടാളത്തിലെ ചിട്ടയും മുറയും എല്ലായിടത്തുമുണ്ടാകുമെന്നു കരുതുന്നവരുണ്ടു്. പട്ടാളത്തിലെ ചിട്ടയുടെ കാര്യം തന്നെ പരിശോധിച്ചു നോക്കേണ്ടതാണു്. ഇന്നു രാജ്യത്തു് കാണുന്ന എല്ലാ വൃത്തികേടുകളും ആയിരമിരട്ടി ശക്തിയിൽ അഴിഞ്ഞാടുന്നതു് പട്ടാളത്തിലാണെന്നു പലർക്കും അറിഞ്ഞുകൂടാ. മകനു ഉദ്യോഗം ലഭിക്കാൻ ശുപാർശ ചെയ്യുന്നതോ, അമ്മയേയുംകൊണ്ടു് കാശിക്കുപോകാൻ കാറു ചോദിക്കുന്നതോ രാഷ്ട്രീയക്കാരനെ സംബന്ധിച്ചു വലിയ അഴിമതിയാണു്. എന്നാൽ പട്ടാളത്തിൽ ഇതു് അഴിമതിയല്ല, അലിഖിത നിയമം തന്നെയാണു്. പട്ടാളമേധാവിയുടെ മകനാണെങ്കിൽ കൊള്ളരുതാത്തവനായാലും ഡിഫൻസ് അക്കാഡമിയിലും മററും എളുപ്പം പ്രവേശനം കിട്ടിക്കൊള്ളും. താഴ്ന്ന പട്ടാളക്കാരനെക്കൊണ്ടു് വീട്ടുവേലചെയ്യിക്കുന്നതും ഭാര്യയുടെ കുപ്പായമലക്കിക്കുന്നതും പട്ടാളമേധാവികൾ അവകാശമായിത്തന്നെയാണു കരുതുന്നതു്.

അഴിമതിയുടെയും സ്വജനപക്ഷപാതത്തിൻേറയും കഥയാണെങ്കിൽ വിസ്തരിക്കേണ്ടതില്ല. വിലകുറഞ്ഞു് ലഭിക്കുന്ന സിഗററും മദ്യങ്ങളും കടത്തികൊണ്ടു് വന്നു വിലകൂട്ടി വിററു കാശുണ്ടാക്കുന്നതു മുതൽ രാജ്യം തന്നെ കച്ചവടം ചെയ്യുന്നതു്വരെ നീണ്ടുകിടക്കുന്നതാണു് ആ കഥ. കൂട്ടമായി സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന രംഗങ്ങളിൽ കൊള്ളലാഭമുണ്ടാക്കുന്ന കച്ചവടക്കാരിൽനിന്നു് കമ്മീഷൻ മേടിക്കുന്നതു പട്ടാളയുദ്യോഗസ്ഥന്മാരുടെ പതിവാണു. സാധാരണ ഗവർമ്മെണ്ടു് സർവ്വീസിലെപ്പോലെ കണക്കും കാര്യവുമൊന്നുമില്ലാത്തതുകൊണ്ടു് സൈനികചിട്ടയുടെ പേരിൽ കൈക്കൂലിയും കോഴയും പററാനും സാധിക്കും. ബട്ടൺ തൊട്ടു് വിമാനംവരെ സാധനം വാങ്ങുന്നതിൽ നടക്കുന്ന തട്ടിപ്പുകൾ രാഷ്ട്രീയത്തിലെ കൊലകൊമ്പന്മാർക്കു വിചാരിക്കാൻകൂടി വയ്യാത്ത വണ്ണമുള്ളതാണു്. ഉദ്യോഗക്കയററത്തിനു വേണ്ടി നടത്തുന്ന കിടമത്സരങ്ങളും വൃത്തികേടുകളും പട്ടാളകേന്ദ്രങ്ങളിൽ അങ്ങാടിപ്പാട്ടാണു്. അവയിൽ പലതും അന്തപ്പുരരഹസ്യങ്ങളുമാണു. ഭാര്യയുടെ കഴിവാണു് പലപ്പോഴും ഭർത്താവിൻെറ ഉദ്യോഗക്കയററത്തിനടിസ്ഥാനം. ഇതുകൊണ്ടുകൂടിയായിരിക്കാം ലെഫ്ട്ടനൻറ് കമാണ്ടറുടെ ഭാര്യ ലെഫ്ട്ടനൻറിൻെറ ഭാര്യയോടു് മിണ്ടുന്നതു് അന്തസ്സിനു കുറവായിക്കരുതുന്നതു്. കൈക്കൂലികൊടുത്തു റിക്രൂട്ടു് ചെയ്യപ്പെടുന്നതുമുതൽ പട്ടാളമേധാവികൾ അഴിമതിയിലൂടെജീവിക്കുകയാണു.

## ചെപ്പിടിവിദ്യകൾ

ഇതെല്ലാം, രാജ്യ ഭരണാവകാശമൊന്നും കയ്യടക്കിയിട്ടില്ലാത്ത കാലത്തു്, പട്ടാളത്തിനകത്തു് നടക്കുന്ന കാര്യമാണു് ഇനിചോദിക്കാനാളും പേരുമില്ലാതെ സർവ്വാധികാരങ്ങളും പിടിച്ചുപ്പററി പട്ടാളത്തേർവാഴ്ച നടന്നാലത്തെ സ്ഥിതിയെന്തായിരിക്കും? തീർച്ചയായും ചില ചെപ്പിടിവിദ്യയൊക്കെ നമ്മുടെ പട്ടാളമേധാവികൾ തുടക്കത്തിൽ കാണിക്കാതിരിക്കുകയില്ല. സിനിമാശാലയിൽ പുകവലിക്കുന്നവനെപ്പിടിച്ചു് നാൽക്കവലയിൽ കൊണ്ടുവന്നു മുക്കാലിയിൽ കെട്ടി ചാട്ടവാറകൊണ്ടടിക്കുക, പഴയ രാഷ്ട്രീയനേതാക്കളെ തടങ്കലിലിട്ടു് അവരെകൊണ്ടു് കൈക്കോട്ടെടുത്തു് കിളപ്പിക്കുക തുടങ്ങിയ അടവുകളെല്ലാം പട്ടാളമേധാവികൾ പയററിയെന്നുവരും. രാഷ്ട്രീയനേതാക്കളോടു് അസൂയയുള്ള രാഷ്ട്രീയ പരാജിതർ ഇതെല്ലാം കണ്ടു് കയ്യടിച്ചെന്നും വരും. പക്ഷെ ഇതൊക്കെ നാട്ടുകാർക്കു വേണ്ടിമാത്രമുള്ളതായിരിക്കും പട്ടാളമേധാവികൾക്കു എന്തു തോന്ന്യാസം കാണിക്കാനും സ്വാതന്ത്ര്യമുണ്ടെന്നു കാണാൻ താമസമുണ്ടാകയില്ല.

ദൂരെയെങ്ങും പോകേണ്ടതില്ല. അയൽരാജ്യമായ പാക്കിസ്ഥാനിലെ സ്ഥിതി തന്നെ നോക്കിയാൽ മതി. ഭാരതീയ പട്ടാളത്തിൻെറ പാരമ്പര്യം തന്നെയാണല്ലോ പാക്കിസ്ഥാനി പട്ടാളത്തിനുമുള്ളതു്. രണ്ടു് രാജ്യത്തെയും പട്ടാള മേധാവികൾ ബ്രിട്ടീഷ് സേവന പാരമ്പര്യമുള്ളവരുമാണു്. അയൂബ്ഖാൻ ജനറൽ കരിയപ്പയുടെ ശിഷ്യനും സ്നേഹിതനുമാണു്. അയൂബ് പത്തു കൊല്ലത്തിലധികം പാക്കിസ്ഥാനിൽ നടത്തിയ വാഴ്ചയുടെ ഫലമെന്താണു്? അയൂബിനെ തുടർന്നു മറെറാരുരണ്ടാണ്മേൽക്കളി നടത്തിയ ജനറൽ യാഹ്യാഖാൻെറ നടപടികൾ തന്നെ അതു് വ്യക്തമാക്കുന്നുണ്ടു്. മാർച്ച് 1 നു-യിലെ 'സണ്ടേ ടെലഗ്രാഫി, ൽ റാവൽപിണ്ടിയിൽ നിന്നു എം. ബേഗ് എഴുതിയ ലേഖനം ഒരു ചെറുവിവരണം നൽകുന്നു 'പാക്കിസ്ഥാനിലെ കവർച്ചയുടെ ദശാബ്ദം' എന്ന തലക്കെട്ടിൽ സ്വതവേ പാക്കിസ്ഥാൻ പക്ഷപാതിയായ ഈ പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനത്തിൽപ്പറയുന്നതു് നോക്കു.

അയൂബ്ഖാൻെറ അധീശാധികാരത്തിൽ നടന്ന പത്തു വർഷത്തെ ഭരണം, 1962 നും 68 നുമിടക്കു് അതിൻെറ ഉച്ചകോടിയിലെത്തിയപ്പോൾ പാക്കിസ്ഥാൻ ഗവർമ്മേണ്ടിൻെറ എല്ലാ വിഭാഗത്തിലും അഴിമതി പടരനു പിടിച്ചു. വളച്ചൊടിച്ച പത്രക്കുറിപ്പുകളും റേഡിയോ പ്രചരണവും വഴി ജനങ്ങളെ (അധികാരികൾ) മയക്കി, അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചവരെ നിശബ്ദരാക്കാൻ വാടകക്കെടുത്ത തഗ്ഗുകളെ നിയോഗിച്ചു.''

(ശേഷം 12-ാം പേജിൽ)

## ആമുഖം

പൂനയിൽ നിന്നു പ്രസിദ്ധപ്പെടുത്തുന്ന മറാഠി വാരികയായ "സാധന" 1968 ജനുവരി 24, 25 തീയതികളിൽ ഹിന്ദു മുസ്ലീം പ്രശ്നത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. സെമിനാറിൽ പ്രസംഗിക്കുന്നതിനു ഞാൻ തയാറാക്കിയ കുറിപ്പുകളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ലേഖനങ്ങൾ. 'സാധന' പിന്നീട് നാലു ലേഖനങ്ങളുടെ രൂപത്തിൽ ഇതു് പ്രസിദ്ധീകരിച്ചു. ഇതോടൊപ്പം ഈ പതിപ്പിനുവേണ്ടി ഇംഗ്ലീഷിൽ എഴുതിയ ഒരു ലേഖനവും ഞാൻ ചേർത്തിട്ടുണ്ട്.

ഇംഗ്ലീഷ് വിവർത്തനമായി ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ പ്രൊഫസർ എ. ബി. ഷാ നൽകിയ സഹകരണത്തിനു ഞാൻ നന്ദിപറയുന്നു. ലേഖനങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു തന്ന ദിലീപ് ചിത്രേയോടും എനിക്കു കടപ്പാടുണ്ട്.

ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനു മുന്നോട്ടു വന്നിട്ടുള്ളതു് ഇന്ത്യൻ സെക്കുലർ ഫോറമാണ്. ഈ സംഘടന എനിക്കു ചെയ്തു തന്ന എല്ലാ സഹായങ്ങൾക്കും ഞാൻ നന്ദി പറയുന്നു.

ബോംബെ

നവമ്പർ 14 1968

ഹമീദ് ദൽവായ്

## ചരിത്രപശ്ചാത്തലം

ഇന്ത്യയിലെ ഹിന്ദു–മുസ്ലീം സാമുദായിക പ്രശ്നത്തെക്കുറിച്ച് കഴിഞ്ഞ രണ്ടു് വർഷമായി ഞാൻ പൊതു പ്രസംഗങ്ങൾ ചെയ്യുന്നുണ്ട്, എഴുതുന്നുമുണ്ട്. പ്രശ്നത്തെക്കുറിച്ച് ഞാൻ നടത്തിയ അപഗ്രഥനത്തിനു സമ്മിശ്ര സ്വീകരണമാണ് ലഭിച്ചതു്. ഇപ്പോൾ എന്റെ ലേഖനങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട്, വായനക്കാരോട്–ഹിന്ദുക്കളോടും മുസ്ലീമുകളോടും–എന്റെ അഭിപ്രായങ്ങൾ അല്പം വിശദീകരിക്കാം. എനിക്കു അവരോട് ഒരഭ്യർത്ഥനയുമുണ്ട്.

എന്റെ അഭിപ്രായങ്ങളോട് മുസ്ലീമുകൾക്കുണ്ടായ പ്രതികരണം പ്രതികൂലമായതെന്തു കൊണ്ടാണെന്ന കാര്യം വ്യക്തമാണ്. എന്റെ ലേഖനങ്ങളും പ്രസംഗങ്ങളും തങ്ങളെ കുഴപ്പത്തിലാക്കാനാണെന്നു കരുതുന്ന ചില ഹിന്ദുക്കളുണ്ടെങ്കിലും, ഹിന്ദുക്കൾ പൊതുവെ എന്റെ അഭിപ്രായങ്ങളെ സ്വാഗതം ചെയ്യാത്തതെന്തുകൊണ്ടാണെന്നും മനസ്സിലാക്കാവുന്നതേയുള്ളൂ.

എന്റെ അഭിപ്രായങ്ങളോട് മുസ്ലീമുകൾക്കുള്ള പ്രതികരണം പ്രതികൂലമാണെങ്കിലും അവരുടെ നിലപാടുകൾക്കിടയിൽ തന്നെ വ്യത്യാസങ്ങളുണ്ട്. എന്റെ വിമർശകരിൽ ചിലർ പാക്കിസ്ഥാൻ രൂപവൽക്കരണത്തെ എതിർത്തിരുന്നവരാണ്. പക്ഷെ, ഇന്ത്യാഭൂഖണ്ഡത്തെ വിഭജിക്കുന്നതിനെ അവർ എതിർക്കാനുണ്ടായ കാരണം, ഇന്ത്യയെ മുഴുവൻ ദാർഉൽ ഇസ്ലാം ആയിമാററാമെന്നു അവർ സ്വപ്നം കണ്ടിരുന്നതാണ്. അതിനാൽ, പാക്കിസ്ഥാൻ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞതു കൊണ്ടു്, ആ ഇസ്ലാമിക രാജ്യവുമായി ഇന്ത്യയുടെ ബാക്കി ഭാഗത്തെ സംയോജിപ്പിക്കാനാണ്, ഇപ്പോൾ അവരുടെ ശ്രമം.

മറുവശത്തു് ക്രമേണ നവീകരിക്കപ്പെട്ടുന്ന ഇന്ത്യൻ മുസ്ലീമുകളുമുണ്ട്. ഈയവസരത്തിൽ അവർ കുറച്ചുപേരേയുള്ളൂ. അവരാകട്ടെ ചിന്താക്കുഴപ്പത്തിലുമാണ്. തങ്ങളുടെ ഭാവിയെക്കുറിച്ച് ആശങ്കയുള്ളതു കൊണ്ടും ഭദ്രതയില്ലെന്ന തോന്നലുള്ളതുകൊണ്ടും, ഈ മുസ്ലീമുകൾ ഇന്ത്യയിലെ സാമുദായിക പ്രശ്നത്തെക്കുറിച്ച് പുതിയതോ, വ്യത്യസ്തമോ ആയ ഏതു സമീപനത്തേയും എതിർക്കുന്നു. ഭാരതീയ സമൂഹത്തിന്റെ പരമ്പരാഗതമായ ഘടനയിൽ തൂങ്ങി നിൽക്കുന്നതാണ് ഇന്ത്യയിലെ മുസ്ലീമുകൾക്കു രക്ഷയെന്നു അവർ വിചാരിക്കുന്നു. ചുരുക്കത്തിൽ ഭാരതീയ ജീവിതത്തിൽ മുസ്ലീമുകൾക്കു എന്തെങ്കിലും സ്ഥാനം വേണമെങ്കിൽ ഇന്നത്തെപ്പോലെ തന്നെ തുടർന്നു പോകണമെന്നാണ് അവരുടെ ധാരണ. അതുകൊണ്ട്, ഇത്തരക്കാരായ മുസ്ലീമുകൾക്കു പോലും എന്റെ അഭിപ്രായങ്ങളോട് എതിർപ്പാണ്.

എന്റെ അഭിപ്രായങ്ങൾ രുചിക്കാത്തവരായ ഈ രണ്ടു് വിശാല വിഭാഗക്കാരായ മുസ്ലീമുകളിൽ, ഇന്ത്യയെ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്ത് അവസാനം പാക്കിസ്ഥാനുമായി സംയോജിപ്പിക്കാമെന്നു സ്വപ്നം കാണുന്നവരുമായി ഒരു സംവാദം തുടങ്ങാൻ, ഞാൻ ശ്രമിക്കുകയില്ല. ആലോചിക്കാവുന്ന എന്തു മാർഗ്ഗമുപയോഗിച്ചും എല്ലാ ഇന്ത്യക്കാരേയും ഇസ്ലാമിലേക്കു പരിവർത്തനം ചെയ്യേണ്ടതു് തങ്ങളുടെ കടമയാണെന്നു ഈയാളുകൾ കരുതുന്നുണ്ടെങ്കിൽ, അവർ, ഇന്ത്യൻ മുസ്ലീമുകളെ മുഴുവൻ കൊന്നൊടുക്കേണ്ടി വന്നാലും ശരി അവരെ തുടച്ചുനീക്കണമെന്നാഗ്രഹിക്കുന്ന ഹിന്ദു തീവ്രവാദികളുടെ തനിപ്പകർപ്പാണ്. ഞാൻ മുസ്ലീം സമുദായക്കാരനാണ്. എന്നാലും തീവ്രവാദികളായ ഹിന്ദു വർഗ്ഗീയ വാദികളുടെ മേൽ മുഴുവൻ കുററവും ചുമത്താൻ എനിക്കാവില്ല. ഹിന്ദു സമുദായത്തെ നശിപ്പിക്കാൻ അടങ്ങയററത്തെ വർഗ്ഗീയവാദികളായ മുസ്ലീമുകൾ മുഷ്ക്കു നിറഞ്ഞ പരിപാടിയുണ്ടെങ്കിൽ, അതിന്റെ പ്രതികരണമെന്ന നിലയ്ക്ക് ഹിന്ദുതീവ്രവാദികൾ ആത്മ

★ മുസ്ലീം പോളിററിക്സ്
ഇൻ ഇന്ത്യ

ഹമീദ് ദൽവായ്
നചികേത
പബ്ളിക്കേഷൻസ്,
സ്ലീററർ റോഡ്,
ബോംബെ–7.

രക്ഷാർത്ഥം മുസ്ലീമുകളെ ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുന്നു. അങ്ങിനെ ഹിന്ദുക്കളിലെ തീവ്രവർഗ്ഗീയതയെ ഞാൻ കാണുന്നത് മുസ്ലീമുകളിലെ തീവ്രവർഗ്ഗീയതയോടുള്ള പ്രതികരണമെന്ന നിലക്കാണ്. മുസ്ലീം വർഗീയത, നിർമ്മാർജ്ജനം ചെയ്യാതെ ഹിന്ദു വർഗീയത ഇല്ലാതാവുകയില്ല. അതേ സമയം തന്നെ, ഇന്ത്യമുഴുവൻ ഇസ്ലാമിലേക്കു പരിവർത്തനം ചെയ്യുകയെന്ന സ്വപ്നത്തിൽ മുഴങ്ങിക്കിടക്കുകയാണ്, മുസ്ലീമുകളിലെ തീവ്രവർഗീയവാദികൾ എന്നതുകൊണ്ട്, അവരുടെ പെരുമാററത്തിൽ മാററമുണ്ടാക്കാൻ ഒരു വാദംകൊണ്ടും പ്രയോജനമില്ലെന്നും ഓർത്തിരിക്കേണ്ടതാണ്. അവരുടെ സ്വപ്നം ആദ്യമായി വ്യാമോഹമെന്ന നിലയിൽ തകർന്നവസാനിക്കണം. തങ്ങളുടെ ലക്ഷ്യം സാധിക്കാത്തതാണെന്നും അതിനുള്ള ശ്രമങ്ങൾ പരാജയത്തിൽ കലാശിക്കാതിരിക്കുകയില്ലെന്നുമുള്ള വസ്തുതയെക്കുറിച്ച് അവർക്കു ബോധമുണ്ടാക്കണം. ഇന്നു തങ്ങളുടെ വ്യാമോഹങ്ങളുടെ വ്യർത്ഥതയെക്കുറിച്ച് അവരെ ബോധവാന്മാരാക്കാൻ പററുകയില്ല. അതുകൊണ്ട് ഞാൻ അവരോട് അഭ്യർത്ഥിച്ചാലും ഫലമുണ്ടാകയില്ല.

ചിന്താ കുഴപ്പത്തിലായവരും, അതുകൊണ്ട് ഇന്ത്യയിലെ സാമുദായിക പ്രശ്നത്തോടുള്ള സമീപനത്തെക്കുറിച്ച് നിശ്ചയമൊന്നുമില്ലാത്തവരുമായ ഭാരതീയ മുസ്ളീമുകളോട് അഭ്യർത്ഥിക്കേണ്ടതു എന്റെ ചുമതലയാണെന്നു ഞാൻ വിശ്വസിക്കുന്നു. അവർ തെററായി നയിക്കപ്പെടുന്നു. അതിനാൽ വർഗീയവാദികളാകുന്നു. അവരുമായി ഒരു സംവാദത്തിലേർപ്പെടുന്നതും പ്രശ്നത്തോടുള്ള സമീപനത്തിൽ മറെറാരു രീതി സ്വീകരിക്കേണ്ടതിനെപ്പററി ബോധവാന്മാരാക്കുന്നതും പ്രയോജനകരമായിരിക്കും. ഞാൻ ഇന്ത്യയിൽ എവിടെ സഞ്ചരിച്ചാലും, നാട്ടുകാരായ മുസ്ലീമുകളെ കണ്ട് ഇക്കാര്യം അവരുമായി ചർച്ചചെയ്യാൻ ശ്രമിക്കുന്നു. ഞാൻ മുൻവിധിയൊന്നും കൂടാതെയാണ് അവരെ സമീപിക്കാറുള്ളത്. കാരണം, അവർക്കു യഥാർത്ഥത്തിൽ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായെന്നുവരാം ഞാൻ അവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നു. ചിലപ്പോൾ വിജയിക്കുന്നു. ചിലപ്പോൾ പരാജയപ്പെടുന്നു. പൊതുവെ, പഴമക്കാരും പാരമ്പര്യത്തിൽ കുടുങ്ങിയവരുമായ മുസ്ലീമുകൾ ഒന്നുപോലെ എന്റെ അഭിപ്രായങ്ങളെ എതിർക്കുന്നു. പലപ്പോഴും എന്റെ പൊതുയോഗങ്ങൾ അവർ ബഹിഷ്കരിക്കുന്നു. അല്ലെങ്കിൽ അവ വേണ്ടെന്നുവെപ്പിക്കുന്നു. ഇതൊക്കെയാണെങ്കിലും, ഇത്തരം ചർച്ചായോഗങ്ങളിൽ, പഴയ തലമുറക്കാർ കാണിക്കുന്ന വിദ്വേഷമൊന്നും യുവമുസ്ലീമുകൾ കാണിക്കുന്നില. എന്നുവെച്ച്, എല്ലാകാര്യങ്ങളിലും യുവമുസ്ലീമുകൾ എന്നോടു യോജിക്കുന്നുവെന്നു അർത്ഥമാക്കേണ്ടതില്ല. പക്ഷെ മുതിർന്ന മുസ്ലീമുകളോടും അവർക്കു യോജിപ്പില്ല. കർക്കശമായ യാഥാസ്ഥിതിക ചിന്തയുടെ പിടിയിൽ നിന്നുവിമുക്തമാകാൻ യുവാക്കളായ ഈ മുസ്ലീമുകൾ വെമ്പുകയാണെന്നു എനിക്കു എപ്പോഴും തോന്നിയിട്ടുണ്ട്. എന്റെ അഭ്യർത്ഥന അവരോടാണ്.

ഭാരതീയ മുസ്ലീമുകളിലെ യുവതലമുറക്കാർ പോലും കരുതുന്നത്. തങ്ങളുടെ പ്രശ്നങ്ങൾക്കും വിഷമതകൾക്കും ഉത്തരവാദികൾ ഹിന്ദുക്കളാണെന്നാണ്. എന്താണ് ഞാൻ മുസ്ലീം വർഗീയതയെ മാത്രം എടുത്തു കുററപ്പെടുത്തുന്നതെന്നു അവർ ചോദിക്കാറുണ്ട്. ഹിന്ദുക്കളും വർഗീയ ചിന്തയുള്ളവരാണെന്നത് സത്യമാണ്. ഇന്ത്യയിലെ മുസ്ലീം വർഗീയതയെ വിമർശിക്കുന്നതോടോപ്പം തന്നെ, ഹിന്ദുവർഗീയതയെക്കുറിച്ച് ഞാൻ മൗനം അവലംബിക്കുകയാണ് ചെയ്യുന്നതെന്നു പറയുന്നത് ശരിയല്ല. ഗോവധ നിരോധനത്തിനുവേണ്ടി നടത്തുന്ന പ്രസ്ഥാനത്തെ ഞാൻ നിരന്തരം വിമർശിച്ചുകൊണ്ടിരിക്കയാണ്. എന്നാലും ഹിന്ദുക്കളിലെ വർഗീയ വാസനകളെ ഞാൻ വിമർശിച്ചപ്പോൾ, ഹിന്ദുക്കളെയൊട്ടാകെ ഞാൻ വിമർശിക്കുന്നില്ല. മുസ്ലീമുകൾക്കു പശുയിറച്ചി തിന്നാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയുമല്ലാ എന്റെ വിമർശനത്തിന്റെയുദ്ദേശം. പ്രശ്നത്തെ ആ രീതിയിൽ കാണുന്നത് കൊള്ളരുതായ്മയുമാണ്. ഗോവധ നിരോധനത്തിനെതിരായി എന്റെ വിമർശനം കാർഷികവും സാമ്പത്തികവുമായ വീക്ഷണത്തിന്റെയടിസ്ഥാനത്തിലുള്ളതാണ് മുഖ്യമായ രണ്ടു് ദേശീയ താല്പര്യങ്ങൾക്കു ഹാനികരമായിരിക്കും, ഗോവധ നിരോധമെന്നു ഞാൻ കരുതുന്നു. ഇന്ത്യയിലെ കാർഷിക വികസനവും അതിനെ ആശ്രയിച്ചുള്ള ഭാരതീയ സമ്പദ് വ്യവസ്ഥയുമാണ് ഈ ദേശീയ താല്പര്യങ്ങൾ. അതുപോലെ തന്നെ മത വിശ്വാസങ്ങളെന്തായാലും എല്ലാ ഇന്ത്യാക്കാരുടേയും ശ്രദ്ധപതിയേണ്ട ചില കാര്യങ്ങളുണ്ട്. വിശാലമായ ഈ ദേശീയ താല്പര്യങ്ങളുടെ പശ്ചാത്തലത്തിലാണ് മുസ്ലീമുകളുടെ ചില പെരുമാററ രീതികളേയും ഞാൻ വിമർശിക്കുന്നത്. മുസ്ലീമുകളെയാകെ ഞാൻ വിമർശിക്കുകയല്ല.

തങ്ങളുടെ കഷ്ടപ്പാടുകൾക്കു ഹിന്ദുക്കളെ കുററപ്പെടുത്തുകയെന്നതു് മുസ്ളീമുകളുടെ പഴയ ശീലമാണ്. പക്ഷെ, ഭാരതീയ മുസ്ളീമുകളിലെ ബുദ്ധിജീവികൾ ഒരിക്കലും സ്വന്തം ഉള്ളിലേക്കു നോക്കി വിമരശനത്തിനു തയ്യാറായിട്ടില്ല. സ്വന്തം പെരുമാററവുമായി ബന്ധപ്പെടുത്തി പ്രശ്നങ്ങളെ കാണാൻ മുസ്ളീം ബുദ്ധിജീവികൾ കൂട്ടാക്കിയിട്ടില്ല. സ്വയം അന്വേഷിക്കാനും, സ്വയം വിമരശിക്കാനുമുള്ള വാസന ഈ ബുദ്ധിജീവികൾ വളർത്തിയെടുത്തിട്ടില്ല. ഹിന്ദുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇന്ത്യയിലെ മുസ്ളീമുകൾ പശ്ചാത്യ വിദ്യാഭ്യാസം സ്വീകരിച്ചതു് കാലം വൈകിയാണ്. ഇതിന്റെ ഫലമായി, മുസ്ളീമുകൾ താരതമ്യേന പല രംഗങ്ങളിലും പിന്നോക്കക്കാരായി. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളോട് മുസ്ളീമുകൾക്കുണ്ടായിരുന്ന എതിർപ്പാണ് യഥാർത്ഥത്തിൽ മുസ്ളീമുകളുടെ പിന്നോക്ക നിലക്കു കാരണമെന്നു കാണാം. ഈ വീക്ഷണത്തിനു പിന്നിൽ ഒരു തരം വെറുപ്പാണുണ്ടായിരുന്നതു്. തങ്ങളുടെ മുൻഗാമികളുടേതായ മുസ്ളീം സാമ്രാജ്യത്വത്തിൽ നിന്നു ബ്രിട്ടീഷുകാർ എന്തോ തട്ടിപ്പറിച്ചെടുത്തുവെന്നു മുസ്ളീമുകൾ വിശ്വസിച്ചു വന്നു. ആധുനിക പാശ്ചാത്യ വിദ്യാഭ്യാസം സ്വീകരിക്കാൻ സർ സയ്യദ് അഹമ്മദ് ഖാൻ മുസ്ളീമുകളെ ആഹ്വാനം ചെയ്തപ്പോൾ സർ സയ്യദ് കാഫർ ആണെന്നൊരു കല്പനയുമായി ദേവബന്ദിലെ ഉലേമ ചാടിപ്പുറപ്പെട്ടു. ആർക്കെങ്കിലും ഹിന്ദുക്കളെ കുററപ്പെടുത്താനാകുമോ?

മതത്തിൽ കുടുങ്ങി പുനരുദ്ധാരണ വാദികളായിക്കിടന്നു, നവീകരിക്കാൻ കൂട്ടാക്കാതിരുന്നതു കൊണ്ടു് മുസ്ളീമുകൾ പി

ന്നോക്കക്കാരായി. ഈ പശ്ചാത്തലത്തിൽ, ഇന്ത്യൻ മുസ്‌ളീമുകളെ നവോത്ഥാനത്തിലേക്കു നയിച്ച മഹാനായ ഒരു ദീർഘദർശിയായിട്ടാണ് സർ സയ്യിദ് അഹമ്മദ്ഖാനെക്കാണേണ്ടതു്. അദ്ദേഹത്തിന്റെ മഹത്തായ പരിശ്രമങ്ങളുടെ ഫലമായിട്ടാണ്, ഇന്ത്യൻ മുസ്‌ളീമുകളുടെ മതസംബന്ധമായ മനസ്സ് ആദ്യമായി ഒന്നു അയഞ്ഞു തുടങ്ങിയതിന്റെ ലക്ഷണം കാണിച്ചതു്. വിദ്യാസമ്പന്നരായ മുസ്‌ളീമുകൾ ആധുനികയുഗത്തെ മുൻനിർത്തി ജീവിതത്തെ പുനർനിർവചിക്കാൻ തുടങ്ങി. ഇന്ത്യയെ ഇസ്‌ളാമിലേക്കു പരിവർത്തനം ചെയ്യുകയെന്ന സ്വപ്നം അവർ ഉപേക്ഷിച്ചു. ഇതു് ഇന്ത്യൻ മുസ്‌ളീമുകൾക്കിടയിലെ മഹത്തായ ഉണർവ്വ് കുറിക്കുകയായിരുന്നു. ഒരു പരിവർത്തന പ്രക്രിയ തുടങ്ങിക്കഴിഞ്ഞിരുന്നു. മുസ്‌ളീമുകളെ ഹിന്ദുക്കളുമായി അടുപ്പിക്കുകയും മനുഷ്യരേയും സമൂഹത്തേയും കുറിച്ചു അവർക്കുള്ള വീക്ഷണം വിശാലമാക്കുകയും ചെയ്യേണ്ടുന്ന ഒരു പ്രക്രിയയായിരുന്നു ഇതു്. ഹിന്ദുക്കളേയും മുസ്‌ളീമുകളേയും തുല്യരായിക്കാണാൻ ശീലിപ്പിക്കുന്ന ഒരു വീക്ഷണഗതിയാണ് ഈ പ്രക്രിയക്കു ഉണ്ടായിരുന്നതു്.

ആധുനിക ഇന്ത്യൻ മുസ്‌ലീമുകൾക്കു ഈ ചുമതല നിറവേററാൻ വേണ്ട കെല്പ് ഇല്ലാതിരുന്നതുകൊണ്ട് ഈ പ്രക്രിയ വിചിത്രമാംവണ്ണം തലതിരിഞ്ഞുപോയി. അവരുടെ ആധുനികത പരിമിതമായിപ്പോയി ആലീഗാർ നവോത്ഥാനത്തിന്റെ സമ്പൂർണ്ണ വിജയം ഉറപ്പുവരുത്താവുന്ന വിശാല വീക്ഷണം അവർക്കില്ലാതെപോയി. പരസ്പരം അടുപ്പിക്കുന്നതിനുപകരം ഈ പ്രക്രിയ തന്നെ, ഹിന്ദുക്കളേയും മുസ്‌ലീമുകളേയും കൂടുതൽ അകററിയതു് വിരോധാഭാസമാണ്. തങ്ങളുടെ പ്രശ്നങ്ങൾക്കു ഹിന്ദുക്കളെ കുററപ്പെടുത്തുന്നതിനു മുസ്‌ലിമുകൾക്കുള്ള പഴയശീലം വീണ്ടും പ്രത്യക്ഷപ്പെടുകയും മുമ്പത്തെക്കാൾ വേരുറയ്ക്കുകയും ചെയ്തു. മതഭ്രാന്തിൽ നിന്നു വിമുക്തനായിരുന്നു സർ സയ്യിദ് മുഹമ്മദ് ഖാൻ എങ്കിലും മുഗൾ പാരമ്പര്യത്തിന്റെ പിൻതുടർച്ചാവകാശിയെന്ന പൊങ്ങച്ചം അദ്ദേഹത്തിനു ഇടയ്ക്കിടെ തികട്ടിവന്നിരുന്നു. ദേശീയ ബോധം ഉയർന്നുവരാൻ പററിയ ഇതേ കാലഘട്ടത്തിൽ തന്നെ, മുസ്‌ലീമുകൾ ഇന്ത്യയുടെ ജേതാക്കളാണെന്ന അഹന്ത നിറഞ്ഞ ധാരണയിൽ സർ സയ്യിദ് അഹമ്മദ്ഖാൻ മുഴുകിപ്പോയി. മുസ്‌ലീമുകളുടെ വിഭാഗീയ രാഷ്ട്രവാദത്തിന്റെ പിതാവ് അദ്ദേഹമാണ്. ജിന്നായാണെന്നു തെററിദ്ധരിച്ചിരിക്കയാണ്. സർ സയ്യിദിനെ പരിഷ്കരിച്ച് വിപുലമാക്കിയ പതിപ്പു മാത്രമാണ് ജിന്ന. വിഭാഗീയമുസ്‌ലീം രാഷ്ട്രത്തിനും പിന്നീട് പാകിസ്ഥാന്റെസൃഷ്ടിക്കും ഉത്തരവാദികൾ വീക്ഷണവൈകല്യം സംഭവിച്ച ആധുനിക മുസ്‌ലീമുകൾ തന്നെയാണ്. ഹിന്ദു-മുസ്‌ലീം സമുദായങ്ങൾക്ക് സമാന്തര സാമൂഹ്യഘടനകളാണുള്ളതെന്നും അവ സ്വയം ഭരണാധികാരമുള്ളവയാണെന്നുമുള്ള സിദ്ധാന്തമാണ് മുസ്‌ലീം രാഷ്ട്രവാദത്തിന്റെ അടിത്തറ.

പ്രത്യേക മുസ്‌ളീം രാഷ്ട്രവാദത്തിന്റെ സിദ്ധാന്തം ഇന്ത്യയിലെ മുസ്‌ളീമുകൾ ഏററുപിടിച്ചതു് ഹിന്ദുക്കളുടെ കുററമല്ല. ഇന്ത്യയിലെ മുസ്‌ളീമുകളുടെ ഭദ്രത ഉറപ്പുവരുത്തുന്നതിനു കരുതിവെച്ചിട്ടുള്ളവരായി പാക്കിസ്ഥാനികളെ ഇന്ത്യയിലെ മുസ്‌ളീമുകൾ കണക്കാക്കിയതും ഹിന്ദുക്കളുടെ കുററമല്ല. സ്വന്തം ഭാവിയെ കരുപ്പിടിക്കാനോ തകരാറിലാക്കാനോ ഒരു വ്യക്തിക്കോ സമൂഹത്തിനോ വല്ലപ്പോഴും ഒരിക്കൽമാത്രമേ അവസരം ലഭിക്കുകയുള്ളൂ. ദേവബന്ദിലെ ഉലേമയുടെ സമ്മർദ്ദത്തിനു വഴങ്ങിക്കൊടുക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം തിരസ്കരിക്കുകയും ചെയ്തതോടുകൂടി, ഹിന്ദുക്കൾക്കൊപ്പം ആധുനികതയെ ഏററു സ്വീകരിക്കാൻ ലഭിച്ചയവസരം മുസ്‌ളീമുകൾക്കു നഷ്ടപ്പെട്ടു. കുറച്ചുകഴിഞ്ഞു് ചരിത്രം അവരക്കു മറെറാരവസരം കൂടിനൽകി. ഹിന്ദുക്കളുമായി യോജിച്ച് ഭാരതീയ ദേശീയതയെ ശക്തിപ്പെടുത്താൻ ലഭിച്ച അവസരമാണതു്. പക്ഷെ ഹിന്ദുക്കളും മുസ്‌ളീമുകളും സ്വയംഭരണവിധേയമായസമാന്തര സമൂഹങ്ങളാണെന്ന തെററായ ധാരണക്കു കീഴ്പെട്ടു കൊണ്ട് ഈയവസരവും ഉപയോഗപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല. ഭൂമിശാസ്ത്രപരമായ യാഥാർത്ഥ്യങ്ങൾ പരിഗണിക്കാൻ പോലും അവർ ഒട്ടും തയ്യാറായില്ല. തങ്ങൾ എവിടെയാണ് ജീവിക്കുന്നതെന്നോ, ഭാവിയിൽ എവിടെയാണ് ജീവിക്കാൻ പോകുന്നതെന്നോ പോലും ആലോചിക്കാൻ അവർ കൂട്ടാക്കിയില്ല. ഇന്ത്യൻ മുസ്‌ളീമുകൾ ഇതഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെല്ലാം നഷ്ടപ്പെട്ട ഈ രണ്ടു അവസരങ്ങളിൽ നിന്നാണുൽഭവിക്കുന്നതു്. നൂററാണ്ടിലൊരിക്കൽ മാത്രം കിട്ടുന്ന സന്ദർഭം പാഴാക്കിയാൽ, അതു് വീണ്ടു എടുക്കുന്നതിനു മറെറാരു നൂററാണ്ട് വേണ്ടിവരും.

യുവാക്കളായ മുസ്‌ളീമുകൾ സ്വയം വിമർശനം നടത്തുകയും ആത്മപരിശോധന നടത്തുകയും ചെയ്തു് സ്വന്തം തെററുകളുടെ സ്വഭാവത്തെക്കുറിച്ച് തന്നെ മനസ്സിലാക്കേണ്ട സമയം വൈകിയിരിക്കുന്നു. ഇന്ത്യയിൽ വിമർശനാത്മകമായ ആത്മപരിശോധന നടത്തുന്ന ഒരു കൂട്ടം മുസ്‌ലീമുകൾ ഇല്ലെന്നതു് ദുഃഖകരമായ വസ്തുതയാണ്. സ്വന്തം വർഗീയതക്കു ഹിന്ദുക്കളെ കുററപ്പെടുത്തുന്ന സമൂഹത്തെ ആത്മപരിശോധന നടത്തുന്നവരെന്നു പറയാനാവില്ല. സമാന്തര സമൂഹമെന്ന സിദ്ധാന്തം മുസ്‌ലീം ബുദ്ധിജീവികൾ ഇതേവരെ ഉപേക്ഷിച്ചിട്ടില്ലെന്നതാണ് സംഗതിയുടെ സത്യം. മതത്തെ രാഷ്ട്രീയത്തിൽ നിന്നു വേർതിരിച്ചു കാണാൻ അവർ ഇതേവരെ പഠിച്ചിട്ടില്ല. മതസ്വാതന്ത്ര്യം എന്നതിനു് അവർ നൽകുന്നയർത്ഥം ഇന്ത്യയിലെ മുസ്‌ളീം സമൂഹത്തിന്റെ ഘടന മാററം വരാതെ നിലനിൽക്കണമെന്നാണ്. അടിസ്ഥാനപരമായി ഇപ്പോഴും 'ദേശീയ മുസ്‌ളീമുകളു'ണ്ടു്. ദേശീയതയെക്കുറിച്ചുള്ള ആധുനിക ധാരണയൊന്നും അവർക്കില്ല. അതുകൊണ്ടു് രാഷ്ട്ര സംവിധാനത്തിന്റെ ഇന്നത്തെ ഘടനയിൽ മുസ്‌ളീം രാഷ്ട്രവാസനകൾ സംരക്ഷിക്കാൻ അവർ ശ്രമിക്കുന്നു. ഈ ഇന്ത്യൻ മുസ്‌ളീമുകളും ഇന്ത്യയെ ഇസ്‌ളാമിലേക്കു് പരിവർത്തനം ചെയ്യണമെന്നാലോചിക്കാത്ത മററുള്ളവരും തമ്മിൽ ദുരൂഹമായ ഒരു വേഴ്ച നടക്കുന്നുണ്ടു്. ഇതു് തന്നെയാണ് 'ജമാ അത്ത് ഇസ്‌ളാമി' യുടെ മൌലാനാ അബ്ദുൾ ഹസൻ നദ്‌വിയേയും മജ്‌ലിസ്സ് ഇമഷാവരത്തിന്റെ ഡോക്ടർ ഫരീദിയേയും ഒരേ വേദിയിൽ ഒന്നിച്ചു ചേർക്കുന്നതു്.

ഇന്നു ഇന്ത്യയിലെ മുസ്‌ളീമുകൾക്കിടയിൽ നിന്നു വേർതിരിച്ചെടുക്കാവുന്ന വിശാലാടിസ്ഥാനത്തിലുള്ള രണ്ടു് പ്രവണതകൾ ഇവയാണ്. ഒരു കൂട്ടർ ഷാവലിയുള്ളായിൽ നിന്നാണ് ആവേശം കൊള്ളുന്നതു്. മറേറ കൂട്ടർ സര സയ്യിദ് അഹമ്മദ്ഖാനെ അവരുടെ പ്രണേതാവും പരിരക്ഷകനുമായി കരുതുന്നു. ഇന്നു രണ്ടും തിരസ്കരിക്കേണ്ടതാവശ്യമാണ്. ഹിന്ദുക്കളി

ലും ഇതേ പ്രവണത തന്നെയുണ്ടായിരുന്നു. ഇന്നും അത് നിലവിലുണ്ട്. പക്ഷെ, ഹിന്ദുക്കൾക്ക് ഉദാരമായ മാനുഷിക വീക്ഷണമുള്ള ഒരു പാരമ്പര്യമുണ്ടായിരുന്നു. നെഹ്റു ഈ പാരമ്പര്യം പുലർത്തിപ്പോന്നു; ഗാന്ധി ഇതേ മഹത്തായ പാരമ്പര്യത്തിന്റെ പ്രതിരൂപമായിരുന്നു. ഇന്ത്യയിലെ മുസ്‌ളീം സമുദായത്തിനു ഒരു ഗാന്ധിയെയുണ്ടാക്കാൻ കഴിഞ്ഞില്ലെന്ന കാര്യം അതിന്റെ പരാജയത്തിന്റെ പ്രകടനമാണ്. വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ മാത്രമേ അബ്ദുൾഗാഫർഖാനെപ്പോലെ മഹാനായ ഒരാളുണ്ടായുള്ളു. പക്ഷെ ഇന്ത്യയിലെ മുസ്‌ളീമുകൾ അദ്ദേഹത്തിനു ചെവി കൊടുത്തില്ലെന്നതു് ശ്രദ്ധേയമാണ്. അത് മനസ്സിലാക്കാൻ വിഷമമില്ല.

ഇന്ത്യയിലെ മുസ്‌ളീമുകളുടെ യുവതലമുറ ഈ വെല്ലുവിളിയെ നേരിടാൻ തയാറാകുമോ? സ്വയം വിമോചിതരാകാനും നവീകരിക്കാനും അവർക്കു കിട്ടുന്ന മൂന്നാമത്തെ, ഒരുപക്ഷെ, അവസാനത്തെ സന്ദർഭമാണിതു്. ഈ സന്ദർഭം അവര ഉപയോഗപ്പെടുത്തുന്നുവെങ്കിൽ, ആധുനികവും ഉൽബുദ്ധവുമായ, ഉദാരവീക്ഷണത്തിന്റേതായ പാരമ്പര്യം കെട്ടിപ്പടുക്കാൻ മുമ്പ് ലഭിച്ച രണ്ടവസരങ്ങൾ പാഴാക്കിയതു കൊണ്ടുണ്ടായ നഷ്ടം തീർക്കാൻ അവർക്കിനിയും കഴിയും. അവരുടെ ഭാഗത്തു് നിന്നു ചരിത്രത്തിന്റെ മുൻവിധികളെ സമ്പൂർണ്ണമായി നിഷേധിക്കണമെന്നതു്, ഇന്ത്യയിലെ മുസ്‌ളീമുകളുടെ പ്രശ്നത്തിനു ഫലപ്രദമായ ഏക പരിഹാരമാണ്. ചരിത്രവും പാരമ്പര്യവും ഉളവാക്കുന്ന മിഥ്യാധാരണകളിൽ നിന്നു രക്ഷപ്പെടുന്നെങ്കിലല്ലാതെ, മൗലികമായ മാനുഷിക മൂല്യങ്ങൾക്കു വേണ്ടി മാത്രം നിലകൊള്ളുന്ന സ്വതന്ത്രവും നവീനവുമായ ഒരു മനസ്സിനെക്കുറിച്ചുള്ള സങ്കൽപ്പത്തിൽ അവർ എത്തിച്ചേരുകയില്ല. ആ വഴിക്കുള്ള ശ്രമമാണ് ഇതിനെ തുടർന്നുള്ള ലേഖനങ്ങളിലൂടെ നടത്തുന്നതു്. അവയെക്കുറിച്ചു് ഗൗരവപൂർവ്വം വിമർശനബുദ്ധിയോടെ പരിഗണിക്കണമെന്നു യുവാക്കളായ മുസ്‌ളീം വായനക്കാരോടു് ഞാൻ ആത്മാർത്ഥമായി അപേക്ഷിക്കുന്നു.

ഇതേപോലുള്ള ഒരഭ്യർത്ഥന എന്റെ ഹിന്ദുവായനക്കാരോടും നടത്താൻ ഞാനാഗ്രഹിക്കുന്നു. ഇന്ത്യയിലെ മുസ്‌ളീം സമുദായത്തെ നവീകരിക്കാൻ എന്നെപ്പോലുള്ളവർ നടത്തുന്ന ശ്രമങ്ങളെ പല ഹിന്ദുസുഹൃത്തുക്കളും സ്വാഗതം ചെയ്തിട്ടുണ്ട്. എന്നാലും, തന്റെ സമുദായത്തിന്റെ ബോധത്തെ പരിവർത്തനം ചെയ്യാൻ ഏതു മുസ്‌ളീമും നടത്തുന്ന ശ്രമത്തെ സംശയദൃഷ്ടിയോടെ മാത്രം വീക്ഷിക്കുന്ന ഒരു കൂട്ടം ഹിന്ദുക്കളുണ്ട്. ഇതു് എന്നെ അത്ഭുതപ്പെടുത്തുന്നില്ല. ഗാന്ധിയെപ്പോലുള്ള ഉന്നതനായ ഒരാളുടെ ഉദ്ദേശശുദ്ധിയെപ്പോലും ഇന്ത്യയിലെ മുസ്‌ളീമുകളിലെ വമ്പിച്ചൊരു വിഭാഗം സംശയത്തോടെയാണ് നോക്കിക്കണ്ടതു്. അത്തരമൊരു സാഹചര്യത്തിൽ എന്നെപ്പോലെ സാധാരണക്കാരനായ ഒരാളുടെ ഉദ്ദേശത്തെ വളരെയേറെ ഹിന്ദുക്കൾ സംശയത്തോടെ നോക്കാതിരിക്കുകയില്ല. എന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ചു് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നതു് വെറുതെ സമയംകളയലാണ്. പക്ഷെ, മറ്റേതൊരു സമൂഹത്തേയും പോലെ കാലം ചെല്ലുന്തോറും പരിവർത്തനത്തിനു വിധേയമാക്കാവുന്ന ഒരു സമൂഹമാണ് മുസ്‌ളീം സമൂഹമെന്നു കാണുന്ന കുറെ ഹിന്ദുക്കളുണ്ട്. അങ്ങിനെയുള്ള ഹിന്ദുക്കളോടാണ് എന്റെ അപേക്ഷ. പരിതസ്ഥിതികളുടെ വസ്തുതകൾ ആദ്യമായി അംഗീകരിക്കാൻ ഞാൻ അവരോടു് ആവശ്യപ്പെടുന്നു. സമ്പൂർണ്ണമായും മതേതരസ്വഭാവമുള്ളവരെന്നു കരുതാവുന്ന ഒരു കൂട്ടം മുസ്‌ളീമുകൾ ഇന്നു ഇന്ത്യയിലില്ല. അതേസമയംതന്നെ, പൊതുവായ ഒരു ഭാരതദേശീയത എന്ന ആശയം പ്രാവർത്തികമാക്കുന്നതിനു മുസ്‌ളീം സമൂഹത്തെ, മതേതരമായ ഭാരതസമൂഹത്തിന്റെ ഘടനയുമായി ഒന്നിപ്പിക്കേണ്ടതാവശ്യമാണ്. ഇതു് സാധിക്കാനുള്ള ഏകമാർഗ്ഗം ആധുനികവും ഉദാരവുമായ മതേതരവീക്ഷണമുള്ള ചെറിയൊരു വിഭാഗം മുസ്‌ളീമുകളെ ആദ്യമായി സൃഷ്ടിക്കുകയാണ്. എന്നെപ്പോലുള്ളവർ ശ്രമിച്ചുകൊണ്ടിരിക്കുന്നതു് ഇതിനുവേണ്ടിത്തന്നെയാണ്. വ്യക്തിപരമായി, മാതൃകാപരമായ ഒരു സമൂഹത്തിന്റെ അടിത്തറക്കു പററിയതായി ഒരു മതവുമില്ലെന്നാണ് എന്റെ വിശ്വാസം. അതിന്റെയർത്ഥം മാതൃകാപരമായ ഒരു സാമൂഹ്യക്രമത്തിനു അടിസ്ഥാനമിടാൻ ഹിന്ദുമതത്തിനോ, ഇസ്‌ളാം മതത്തിനോ പററുകയില്ലെന്നാണ്. വർഗ്ഗീയവാദികളായ ഹിന്ദുക്കളിൽനിന്നു കൃത്യമായി എന്നെ വേർതിരിച്ചു നിർത്തുന്നതെന്താണെന്നു പലരും എന്നോടു് ചോദിക്കാറുണ്ട്. അവരിൽ നിന്നു എന്നെ വ്യത്യസ്തനാക്കുന്നതു എന്താണെന്നു് ഇതിനകം ഏറെക്കുറെ വ്യക്തമായിക്കാണും. വ്യത്യാസങ്ങൾ എത്ര അടിസ്ഥാനപരമാണെന്നും മനസ്സിലായിക്കാണും. എന്നാലും ചില കാര്യങ്ങളിൽ എനിക്കവരോടു് യോജിപ്പാണുള്ളതു്. ഞങ്ങൾ തമ്മിലുള്ള യോജിപ്പിന്റെ മേഖലയുടെ അതിർത്തി വ്യക്തമായി രേഖപ്പെടുത്തുന്നതു് നന്നായിരിക്കും. ഇപ്പോൾ ഈ രാജ്യത്തിൽ മുസ്‌ളീം വർഗീയത പ്രബലമായ ശക്തിയാണെന്നു ഞാൻ സമ്മതിക്കുന്നു. ഈ രാഷ്ട്രത്തിൽ ന്യൂനപക്ഷങ്ങൾക്കു തുല്യമായ അവകാശങ്ങളും തുല്യമായ അവസരങ്ങളും കിട്ടണമെന്നതിനോടും ഞാൻ യോജിക്കുന്നു. പക്ഷെ, പ്രത്യേകാവകാശങ്ങൾക്കും പദവിക്കും അവർക്കു് അർഹതയുണ്ടായിക്കൂടാ. കാശ്മീർ ഇന്ത്യയുടെ ഭാഗമാണെന്ന കാര്യത്തിലും ഞാൻ അവരോടു് യോജിക്കുന്നു. ഇന്ത്യയുടെ മണ്ണിൽ പാക്കിസ്ഥാൻ നടത്തുന്ന ഏതാക്രമണത്തേയും ശക്തമായ തിരിച്ചടികൾകൊണ്ടു് നേരിടണമെന്നതിനോടും എനിക്കു യോജിപ്പാണ്. അവസാനമായി, ഈ ഉപഭൂഖണ്ഡത്തിലെ മുസ്‌ളീമുകളുടെ അവസാനത്തെ ആവശ്യം പാക്കിസ്ഥാനല്ലെന്ന കാര്യത്തിലും വരഗീയവാദികളായ ഹിന്ദുക്കളോടു് ഞാൻ യോജിക്കുന്നു. ഇന്നും, ഇന്ത്യയിലെ മുസ്‌ളീമുകൾക്കിടയിലും പാക്കിസ്ഥാനിലെ ഭരണാധികാരികൾക്കിടയിലും ഇന്ത്യയെ മുഴുവൻ ഇസ്‌ളാമാക്കി മാററണമെന്ന 'അവസാന ആവശ്യം' ഉന്നയിക്കുന്ന സ്വാധീനശക്തിയുള്ളവരുണ്ട്.

പക്ഷെ, മുസ്‌ളീം വർഗ്ഗീയതയെ പഴഞ്ചന്മാരായ ഹിന്ദുക്കളുടെ പുനരുദ്ധാരണശ്രമം കൊണ്ടു് എതിർക്കാൻ ഹിന്ദുവർഗ്ഗീയ വാദികൾ നടത്തുന്ന ശ്രമം ആത്മഹത്യാപരമാണ്. ഹിന്ദുക്കൾ കൂടുതൽ അളവിൽ സാമൂഹ്യ പുരോഗതി കൈവരിക്കുകയും സ്വയം നവീകരിക്കുകയും ചെയ്യുന്നെങ്കിൽ മാത്രമേ മുസ്‌ളീം വർഗ്ഗീയതയെ പരാജയപ്പെടുത്താനാവൂ. ഹിന്ദുക്കളെ കൂടുതൽ പഴഞ്ചന്മാരാക്കുന്നതു കൊണ്ടു് അവരെ കൂടുതൽ യാഥാസ്ഥിതികരും കൂട്ടിലടച്ചവരും ആക്കുന്നതുകൊണ്ടു്—മുസ്‌ളീം വർഗീയത ഇല്ലാതാക്കാൻ പററുകയില്ല. ഗോവധംനിരോധിക്കുന്നതിനു

നടത്തുന്ന പ്രക്ഷോഭണം നല്ല ഉദാഹരണമാണ്. കാർഷിക–സാമ്പത്തിക കാരണങ്ങൾ വെച്ചുകൊണ്ട് ഞാൻ ഗോവധനിരോധനത്തെ എതിർക്കുന്നു. പക്ഷെ, സാമ്പത്തികമല്ലാത്ത കാരണം വെച്ചുകൊണ്ട് ഞാൻ അതിനെ ശക്തമായി എതിർക്കുന്നു. കാരണം പശുവിന്റെ വിശുദ്ധിയിൽ ഹിന്ദുവിനുള്ള വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നുവെങ്കിൽ, സ്വയം നവീകരിക്കുന്നതിനും കൂടുതൽ അളവിൽ സാമൂഹ്യ പുരോഗതി കൈവരിക്കുന്നതിനും ഹിന്ദുക്കൾക്കു തടസ്സമുണ്ടാക്കുകയേയുള്ളൂ. മതപരമായ പഴഞ്ചത്തം കൊണ്ട് മാത്രമാണ് ഹിന്ദുക്കൾ പിന്നോക്കം വഴുതിവീഴാൻ ഇടയായതു്. സ്വന്തം സൈന്യത്തിനു മുന്നിൽ പശുക്കൂട്ടങ്ങളെ നടത്തിക്കൊണ്ട് ചെന്നു ഹിന്ദു സൈന്യത്തെ തോല്പിക്കാൻ മുഹമ്മദ് ഗസനിക്കു കഴിഞ്ഞു! ആധുനിക യുഗത്തിൽ അത്തരം ചരിത്രം ആവർത്തിക്കുകയില്ലെന്നു പ്രത്യാശിക്കാം. തങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുകയും സ്വാതന്ത്ര്യത്തെ തട്ടിയെടുക്കുകയും ചെയ്യു എല്ലാ വിശ്വാസങ്ങളെയും ഹിന്ദുക്കൾ തിരസ്കരിക്കണം. ഹിന്ദുക്കളുടെ ഒരു സ്നേഹിതൻ എന്ന നിലവെച്ച്, അവരോട് വിദ്വേഷമുള്ളയാളെന്ന നിലക്കല്ലാ, ഞാനിതു പറയുന്നതു. ഞാനിവിടെ പറഞ്ഞ കാരണങ്ങൾ കൊണ്ട് ഒററ മുസ്‌ലീമും ഹിന്ദുക്കളുടെ പഴഞ്ചത്തത്തെ എതിർക്കുകയില്ല. കാരണം ഹിന്ദു സമുദായം നവീകരിക്കപ്പെടണമെന്നും ഊർജ്ജസ്വലമാകണമെന്നും ഒരു മുസ്ലീം വർഗ്ഗീയവാദിയും ആഗ്രഹിക്കുകയില്ല. 'സത്യത്തിൽ, തങ്ങളുടെ സ്വന്തം മദ്ധ്യകാല പഴഞ്ചൻ വിശ്വാസങ്ങളെ പരിരക്ഷിക്കാൻ, ഹിന്ദുക്കളും മദ്ധ്യകാല മനസ്സുകളുമായി മതപരമായ കൂട്ടിലടച്ച് കഴിയുന്നതു് മുസ്‌ലീമുകൾക്കു കൂടുതൽ സൌകര്യപ്രദമാകുമെന്നായിരിക്കും അവർ കരുതുന്നതു്. മദ്ധ്യകാലത്തെ മതപരമായ പഴഞ്ചത്തത്തിന്റെ എല്ലാ വശങ്ങളേയും, അതു ഹിന്ദുക്കളുടേതായാലും മുസ്ലീമുകളുടേതായാലും' ഞാൻ എതിർക്കുന്നു. അതുകൊണ്ടാണ് ഗോവധ നിരോധത്തിനു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾക്കു ഞാൻ എതിരായതു്. ഈ രാജ്യത്തിലെ ജനസംഖ്യയുടെ എൺപത്തിയഞ്ചു ശതമാനം ഹിന്ദുക്കളാണ്. അതുകൊണ്ടു ഈ രാജ്യത്തിന്റെ പുരോഗതി അവർ അഭിവൃദ്ധിപ്പെടുകയും ഊർജ്ജസ്വലരാകുകയും ചെയ്യുന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. ഈ രാജ്യം അഭിവൃദ്ധിപ്പെടണമെന്നും ശക്തവും സമൃദ്ധവുമായ രാജ്യമായിത്തീരണമെന്നും ഞാൻ ആഗ്രഹിക്കുന്നു. കാരണം അതുമായി അഭേദ്യമാം വണ്ണം ബന്ധപ്പെട്ടതാണ് എന്റെ വ്യക്തിപരമായ ഭാവിയും. കുറെക്കൂടെ കടന്നു ചെന്നു, ഹിന്ദുക്കൾ തന്നെ മതത്തിൽ കുടുങ്ങിക്കിടന്നാൽ, മുസ്ലീമുകളെ അവരുടെ പഴഞ്ചൻ വിശ്വാസങ്ങളുടെ പിടിയിൽ നിന്നു മോചിപ്പിക്കാനാവില്ലെന്നു ഞാൻ ഹിന്ദു വർഗ്ഗീയ വാദികളോട് പറയും. ഇന്ത്യയിലെ മുസ്ലീമുകളെ നവീകരിക്കുന്നതിനു, ഹിന്ദുക്കൾ തങ്ങൾക്കിടയിൽ തന്നെ ആദ്യം നവീകരണ ശക്തികളെ ബലപ്പെടുത്തണം. ഹിന്ദു സമുദായത്തിലെ നവീകരണം കൊണ്ടും പുരോഗതി കൊണ്ടും ഇന്ത്യയിലെ മുസ്ലീമുകളെ ഞെട്ടിച്ചുണർത്തുമ്പോൾ, മുസ്ലീം സമുദായത്തിലും എന്നെപ്പോലുള്ളവരുടെ ശ്രമങ്ങളെ സഹായിക്കാനുതകുന്ന തരത്തിൽ അതേപോലുള്ള പ്രക്രിയ ആരംഭിക്കും.

എല്ലാ മുസ്‌ലീമുകളും വർഗ്ഗീയവാദികളാണെന്നു കരുതുന്ന ദുഃഖകരമായ അബദ്ധം, ഹിന്ദു വർഗ്ഗീയവാദികൾ തുടരരുത്. ഇന്നു ഇന്ത്യയിൽ സമ്പൂർണ്ണമായും മതേതര വാദിയായ ഒരു മുസ്‌ലീമിനെ കാണാൻ വിഷമമാണെന്നതു് സത്യമാണ്. പക്ഷെ അടുത്ത ഭാവിയിൽ മതേതര വാദികളായ മുസ്‌ലീമുകൾ ഉണ്ടാകണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ ഇതിനകം ആ വഴിക്കു നീങ്ങിത്തുടങ്ങിയ മുസ്ലീമുകൾക്ക് നാം പിന്തുണനൽകുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. ചില മുസ്‌ലീമുകളുടെ ശ്രമങ്ങളെ അർഹമായ വിധം ഹിന്ദുക്കൾ അംഗീകരിക്കേണ്ടതാണ്. ഹിന്ദുക്കൾക്കു പിന്തുണ നൽകാൻ കഴിയുന്നതും പിന്തുണ നൽകേണ്ടതുമായ ധാരാളം ശ്രമങ്ങൾ എടുത്തുകാണിക്കാൻ കഴിയും. ഉദാഹരണത്തിന് കാശ്മീരിലെ മുസ്ലീമുകളുടെ മനസ്സിൽ ഷെയ്ക്ക് അബ്ദുള്ളക്കുള്ള പിടിയിൽ നിന്നു അവരെ മോചിപ്പിക്കുന്നതിനു കാശ്മീരിൽ സാദിഖ് ആത്മാർത്ഥമായും ക്രമാനുസൃതമായും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ മുസ്‌ലീമുകൾക്കിടയിൽ കുടുംബാസൂത്രണം പ്രചരിപ്പിക്കുന്നതിനു മഹാരാഷ്ട്രയിലെ ആരോഗ്യമന്ത്രി ഡോക്ടർ റാഫിക്ക് സക്കേറിയ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്നു സമ്മതിക്കാനുള്ള സന്മനോഭാവം കാണിക്കണം. ഞാനിതു പറയാൻ പ്രത്യേക കാരണമുണ്ട്. എല്ലാ മുസ്ലീമുകളേയും വർഗ്ഗീയവാദികളെന്നു അധിക്ഷേപിക്കാനുള്ള വ്യഗ്രതയിൽ ഹിന്ദു വർഗീയവാദികൾ മുസ്ലീമുകൾക്കിടയിൽ ഉയർന്നു വരുന്ന വിശാലവീക്ഷണമുള്ള നവീകരണ ശക്തികളെ ദുർബ്ബലമാക്കുകയാണ്. തങ്ങളുടെ വിചാരത്തിലും സമൂഹത്തോടുള്ള വീക്ഷണത്തിലും വ്യത്യസ്തമായ ഒരു ചിത്രം അവതരിപ്പിക്കാൻ തുടങ്ങുമ്പോൾ മാത്രമേ, ഇന്ത്യയിലെ മുസ്‌ലീമുകൾക്കു മാററം സംഭവിക്കുകയുള്ളൂ. മുസ്ലീമുകൾക്കിടയിൽ ചിലരെ അങ്ങിനെ വേർതിരിച്ചു കാണുന്നതു് ഹിന്ദുക്കൾക്കും ഗുണകരമായിരിക്കും. എന്തുകൊണ്ടെന്നാൽ, തങ്ങളുടെ ചിന്താരീതിയിൽ ഏകമുഖമായി തുടരുന്നിടത്തോളം കാലം അവരുടെ വർഗ്ഗീയത കൂടുതൽ അമ്പരപ്പിക്കുന്നതാകുകയേയുള്ളൂ. അവർ രണ്ടായിത്തിരിഞ്ഞ്, ആധുനികമായ ഉദാര വീക്ഷണമുള്ളവരെന്നും യാഥാസ്ഥിതികമായ മതക്കൂട്ടിലടച്ചവരെന്നുമുള്ള രണ്ട് ചേരികളാവുന്നെങ്കിൽ അവരുടെ വർഗ്ഗീയത കുറെ ബലഹീനമാകുന്നതാണ്. വർഗ്ഗീയവാദികളായ ഹിന്ദുക്കൾ, പ്രത്യേകിച്ചും യുവാക്കളായ ഹിന്ദുക്കൾ ഒന്നു

## ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെൻറ് റോഡ്, എറണാകുളം, എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല

ക്ഷമിച്ചു, ഇതിനെപ്പററി ചിന്തിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മുൻവിധികളും ശത്രുതയും വളർത്തിയെടുത്ത ചരിത്രം നമുക്കെല്ലാം വിലങ്ങുതടിയാണ്. നമ്മുടെ ഭൂതകാലത്തിൽ നിന്നു നാംപെടുക്കുന്ന മുൻവിധികളുടെ പിടിയിൽ നിന്നു നാമെല്ലാം പുറത്തുചാടണം. ഹിന്ദുവർഗീയവാദികളും അവരുടെ മുൻവിധികളെ കുതറിയെറിയണം. തൻെറ മുൻഗാമികൾ 'തൊട്ടുകൂടാത്തവരോട്' മനുഷ്യത്വമില്ലാതെ പെരുമാറിയതു് ചെറുപ്പക്കാരായ ബ്രാഹ്മണരുടെ കുററംകൊണ്ടല്ലാ. മുഹമ്മദ്ഗസനിയോ അറംഗസീബോ ഹിന്ദുക്കളെ മർദ്ദിച്ചതിനു ഇന്നത്തെ ഇന്ത്യയിലെ മുസ്‌ളീമുകൾ ഉത്തരവാദികളല്ല. ഭാഗ്യവശാൽ തങ്ങളുടെ മുൻഗാമികളുടെ പാപങ്ങളെ സ്വയം പേറുകയും, സാമൂഹ്യമായ സമത്വത്തെ അടിസ്ഥാനപരമായ മൂല്യമായി സ്വീകരിച്ച് പഴയനാശം ഇല്ലാതാക്കാൻ ബോധപൂർവ്വം ശ്രമിക്കുകയും ചെയ്യുന്ന ഒരുക്കൂട്ടം ഹിന്ദുക്കൾ ഇന്നുണ്ട്. അതേപോലെതന്നെ അറംഗസീബിൻെറ പാപങ്ങളെ അംഗീകരിക്കുകയും, അതുകൊണ്ടുണ്ടായ നാശം ഇല്ലാതാക്കുന്നതിനുവേണ്ടി മതേതര പൌരത്വമെന്ന സങ്കൽപ്പം സ്വീകരിക്കുകയും ചെയ്യുന്ന ഒരുക്കൂട്ടം മുസ്‌ളീമുകൾ ഉയർന്നുവരേണ്ടിയിരിക്കുന്നു. ഹിന്ദു—മുസ്‌ളീം പ്രശ്നത്തിനു ഫലപ്രദമായ ഏകപരിഹാരം, ആധുനിക വീക്ഷണമുള്ളവരും മതേതരത്വത്തിൽ വിശ്വസിക്കുന്നവരും ഊർജ്ജസ്വലരുമായ ഉദാരബുദ്ധികളായ ഒരു കൂട്ടം ആളുകൾ ഉയർന്നുവരുകയും വളർച്ചപ്രാപിക്കുകയും ചെയ്യുകമാത്രമാണ്. അതുകൊണ്ട് ഇതിനെ തുടർന്നുള്ള ലേഖനങ്ങളിൽ ഞാൻ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളെ പരിശോധിക്കും മുമ്പേതന്നെ, ചരിത്രപരമായ മുൻവിധികളിൽ നിന്നു വർഗീയ ചിന്താഗതിക്കാരായ ഹിന്ദുക്കളോട് ഞാൻ അഭ്യർത്ഥിക്കുന്നു.

—0—

(6-ാം പേജ് തുടർച്ച)

അയൂബ്ഖാൻെറ ഉപദേഷ്ടാവായിരുന്ന ഒരുത്തൻ വൈരക്കല്ലുംവെച്ച ബട്ടണുകളാണിട്ടിരുന്നതു്. അയാൾ 80,000 പവൻ ചെലവുള്ള ഒരു വീടുണ്ടാക്കി. നാലായിരം പേരാണ് അവൻെറ മകളുടെ കല്ല്യാണത്തിൽ പങ്കെടുത്തത്. 50,000 പവനാണ് അന്നു കല്ല്യാണ സമ്മാനം കിട്ടിയതു. വ്യവസായ വകുപ്പിലെ മറെറാരു ഉദ്യോഗസ്ഥൻ കണ്ണാടി വെച്ചൊരു നീന്തൽ പൊയ്ക തന്നെയുണ്ടാക്കി. സ്റ്റേററ് ബാങ്ക് ഓഫ് പാക്കിസ്ഥാൻെറ [illegible] തന്നെ ഒരു വാണിജ്യ ബാങ്ക് വിദേശ ശാഖ തുടങ്ങി. ആദ്യത്തെ ദിവസം ലഭിച്ച നിക്ഷേപത്തുക അഞ്ചു ലക്ഷം പവനാണ്. അവിടം കൊണ്ടവസാനിച്ചില്ല. ലാഹോറിൽ ഒരു ബാങ്ക്, ഉദ്യോഗസ്ഥന്മാർക്കു വേണ്ടി ഒരു വേശ്യാലയം തന്നെ നടത്തി വന്നു.

ഇനിയും തീർന്നിട്ടില്ല ഇതിനകം പുറത്തായ അഴിമതികളുടെ ചരിത്രം. പുതിയ തലസ്ഥാനമായ ഇസ്ലാമാബാദിൻെറ പണിക്കിടയിൽ ഒരു കൂട്ടം ഓഫീസർമാർ രണ്ടു ലക്ഷം പവൻ വിഴുങ്ങി. കോൺട്രാക്ടർമാർ പറയുന്നത് യഥാർത്ഥത്തിൽ നടന്ന തട്ടിപ്പിൻെറ ഒരു ചെറിയ അംശം പോലും വരുന്നതല്ലാ ഈ തുകയെന്നാണ്. കറാച്ചിയിൽ ഒരു ഇടത്തരം ഉദ്യോഗസ്ഥൻ, ഇരുപതു വയസ്സു പോലും പ്രായമാകാത്ത മകൻെറ പേരിൽ 25000 പവൻ ചെലവുള്ള വീടുണ്ടാക്കിയിട്ടുണ്ട്. അയാൾക്കും ഭാര്യക്കും 2,700 പവൻെറ ഇൻഷുറൻസ് പോളിസിയുണ്ടായിരുന്നു. പുറമെ രണ്ടു മീൻപിടുത്ത ബോട്ടുകളും. എഴുപത്തയ്യായിരം പവൻ വില വരുന്ന ഒരു വ്യവസായശാല തന്നെ പാക്കിസ്ഥാനിവേക്കു കള്ളക്കടത്തായി ഒരു വിരുതൻ കൊണ്ടുവന്നുവത്രെ. പോലീസ് സ്റ്റേഷനുകൾ തന്നെ ലേലത്തിനിട്ടിരിക്കുകയായിരുന്നു. ഒഴിവുള്ള സ്ഥാപനങ്ങളിലെ നിയമനത്തിനു പല നിരക്കിൽ തുക നിശ്ചയിച്ചിട്ടുണ്ടായിരുന്നുവെന്നുമാണ് എം. ബേഗ് പറയുന്നത്.

സിവിൽ ഉദ്യോഗസ്ഥന്മാരിൽ സംശയമുള്ളവരെ മുഴുവൻ അന്വേഷണവിധേയരാക്കിയിട്ടില്ല. കാരണം 1700 പേര ആദ്യം തന്നെ സംശയിക്കേണ്ടവരായിരുന്നു. ഈ എണ്ണംകണ്ട് അമ്പരന്നു അധികൃതർ 303 പേരുടെ മാത്രം പേരിൽ അന്വേഷണം നടത്തിയാൽ മതിയെന്നുവെച്ചു. അയൂബിൻെറ കാലത്തെ ഗവർണ്ണർമാർ, മന്ത്രിമാർ, പാർളിമെൻറംഗങ്ങൾ എന്നിവരെയൊക്കെ യാഹ്യാഖാൻ ഒഴിവാക്കിയിരിക്കയാണ്. അവരുടെ പേരിൽകൂടിയന്വേഷണം നടത്തിയാൽ 303 ഉദ്യോഗസ്ഥന്മാരുടെ കാര്യം വളരെ നിസ്സാരമായിപോകുമെന്നു കരുതുന്ന നിരവധിയാളുകളുണ്ടത്രെ. മാത്രമല്ലാ അയൂബിൻെറ ഭരണകാലത്ത് അഴിമതികൾ നടത്തിക്കൊഴുത്ത 20 കുടുംബങ്ങളുണ്ട്. പക്ഷെ ഈ കുടുംബക്കാരെ പിടികൂടാൻ അധികൃതർക്കു ഭയമാണുപോലും. പാശ്ചാത്യ രാജ്യങ്ങളിൽ ഈ കുടുംബക്കാർക്കുള്ള സ്വാധീനം കാരണം ഇവർ വിചാരിച്ചാൽ പാക്കിസ്ഥാനിലെ സാമ്പത്തിക നില തന്നെ താറുമാറാക്കാൻ പററുമത്രെ.

## പാക്കിസ്ഥാൻെറ പാഠം

അയൂബിൻെറ പട്ടാള ഭരണം ഉണ്ടാക്കിയ നേട്ടങ്ങളുടെ ചിത്രമാണിതു്. രാജ്യംതന്നെ കച്ചവടം ചെയ്യാവുന്നവരും എന്തും ചെയ്യാൻ മടിയില്ലാത്തവരുമായ പത്തിരുപതു കുടുംബക്കാരെയുണ്ടാക്കിയതാണ് ഒരുമികച്ചനേട്ടം. ഇതിൽ അയൂബ്ഖാൻെറ കുടുംബക്കാരുംപെടും. സഹികെട്ട് ജനങ്ങളും രാഷ്ട്രീയ കക്ഷികളും പ്രത്യേകിച്ച് വിദ്യാർത്ഥികളും നിരന്തരമായി പ്രക്ഷോഭമുണ്ടാക്കിയപ്പോൾ നിവൃത്തിയില്ലാതെ മറെറാരു പട്ടാളമേധാവിയായ യാഹ്യാഖാനെ ഭരണമേല്പിച്ച് അയൂബ്ഖാൻ നാടുവിട്ടിരിക്കയാണ്. യാഹ്യാഖാൻെറ ഭരണത്തിലും വലിയ വ്യത്യാസമൊന്നുമുണ്ടാകുമെന്നു കരുതേണ്ട. കാരണം അയൂബും ആദ്യം അധികാരത്തിൽ വന്നപ്പോൾ ചില പൊടിക്കൈകളൊക്കെ പ്രയോഗിച്ചിരുന്നു. "1958ൽ അധികാരമേറെറടുത്തപ്പോൾ ചില മുൻമന്ത്രിമാരെ പൊതുജീവിതത്തിൽ നിന്നുവിലക്കുകയും അഴിമതിക്കാരായ ചിലയുദ്യോഗസ്ഥന്മാരെ പുറത്താക്കുകയും ചെയ്തു. അയൂബ്ഖാൻ സാർവ്വത്രികമായി കൊണ്ടാടപ്പെട്ടു" എം. ബേഗ് എഴുതുന്നു. പക്ഷെ, അദ്ദേഹം രാഷ്ട്രീയ കക്ഷികളുടെ സ്ഥാനത്ത് പുതിയ ഉദ്യോഗസ്ഥമേധാവികളെ പ്രതിഷ്ഠിക്കുകയും പുതിയ ഉന്നതന്മാരെയുണ്ടാക്കുകയും ചെയ്തു. അവർ പഴയവരെക്കാൾ കള്ളന്മാരായിരുന്നു. പാക്കിസ്ഥാനിൽ കവർച്ചയുടെ ദശാബ്ദം ആരംഭിച്ചു കഴിഞ്ഞിരുന്നു"

സംശയിക്കേണ്ട ഇന്ത്യയിലും രാഷ്ട്രീയക്കാരെക്കാൾ കള്ളന്മാരായിരിക്കും പട്ടാള മേധാവികൾ. പാക്കിസ്ഥാൻ അനുഭവപാഠം നൽകുന്നുണ്ട്. അതിനു പുറമെ, സത്യസന്ധതയോടെ പ്രശ്നം കാണുന്നവർക്കറിയാം ഇന്ത്യയിലെ കച്ചവടക്കാരേ

യോ, വ്യവസായികളേയോ, ഡോക്ടർമാരേയോ, ഉദ്യോഗസ്ഥന്മാരേയോ, പത്രപ്രവർത്തകരെയോ അപേക്ഷിച്ച് അഴിമതി കുറഞ്ഞവർ ഇന്നും രാഷ്ട്രീയ പ്രവർത്തകരാണെന്നു. ശമ്പളം പററുന്നതിലും പണമുണ്ടാക്കുന്നതിലും കവിഞ്ഞ് മറെറാരു പ്രേരണയും മററുദ്യോഗങ്ങൾക്കു പോകുന്നവർക്കു ഉണ്ടാകാറില്ല. രാഷ്ട്രീയ പ്രവർത്തനത്തിനു പോകുന്നവർ തുടക്കത്തിലെങ്കിലും, തനിക്കും കുടുംബക്കാർക്കുമപ്പുറത്ത് ലോകമുണ്ടെന്നു കരുതുന്നവരാണ്.

പോകട്ടെ, രാജ്യത്തെ അഴിമതിയും അച്ചടക്കമില്ലായ്മയും ദാരിദ്ര്യവും കണ്ട് പൊറുതിമുട്ടി കാര്യക്ഷമമായി ഭരണം നടത്താമെന്ന് കരുതി സൈനിക ഭരണം ഏർപ്പെടുത്തണമെന്നാഗ്രഹിക്കുന്നവരുണ്ടായിക്കൂടെ? ഈ ചോദ്യത്തിനുത്തരം പട്ടാള മേധാവികൾ തന്നെ നൽകുന്നുണ്ട്. ബ്രിഗേഡിയർ ജെ. പി. ദൽവി 'ഹിമാലയൻ ബ്ലണ്ടർഎന്ന പേരിൽ എഴുതിയ പുസ്തകം പട്ടാളമേധാവികളുടെ കാര്യക്ഷമതക്കും ചുമതലാബോധത്തിനും നല്ല സമ്മതപത്രം നൽകിയിട്ടുണ്ട്. ചൈനയുമായി നടന്ന അതിർത്തി സംഘട്ടനത്തിൽ മുന്നണിയിലായിരുന്ന ബ്രിഗേഡിയർദൽവിയെ ചൈനക്കാർ പിടിച്ചു ആറുമാസം തടവിലിട്ടിരുന്നു. തടവിൽ നിന്നു വിട്ടയച്ച് നാട്ടിലെത്തി, ബ്രിഗേഡിയർ ദൽവി എഴുതി പ്രസിദ്ധീകരിച്ചതാണ് ഈ പുസ്തകം. അദ്ദേഹം പറയുന്നു "ചൈനക്കാരുടെ തടവിൽ നിന്നു ഞാൻ മടങ്ങി വന്നു. പല സീനിയർ ഉദ്യോഗസ്ഥന്മാരേയും കണ്ടു. 1962 സപ്തംബർ-ഒക്ടോബർ കാലത്തെ നിർണ്ണായക ദിവസങ്ങളിൽ താക്കോൽ സ്ഥാനത്ത് ഇരുന്നിരുന്നവരാണവർ. അവരെല്ലാം എന്നെക്കാണാൻ ശുഷ്ക്കാന്തി കാണിച്ചവരാണ്. ആ ദിവസങ്ങളിലെ കുഴപ്പങ്ങളുമായി തങ്ങൾക്കു ബന്ധമില്ലെന്നു കാണിക്കാൻ അവർക്കു വ്യഗ്രതയുണ്ടായിരുന്നു. എന്താണ് സംഭവിച്ചതെന്നും ഞാൻ ഗവർമ്മണ്ടിനു എന്ത് റിപ്പോർട്ടാണ് കൊടുക്കാൻ പോകുന്നതെന്നും അറിയാൻ അവർക്കു ഉൽക്കണ്ഠയുണ്ടായിരുന്നു. തിരക്കുപിടിച്ച ആ മാസങ്ങളിൽ എടുത്ത തീരുമാനങ്ങൾക്കു തങ്ങൾക്കൊരു ബന്ധമുണ്ടായിരുന്നില്ലെന്നു പറഞ്ഞ് അവർ കയ്യൊഴിഞ്ഞു..... ....................... ...........എൻെറ പട്ടാളക്കാരുടെ കൂട്ടക്കൊലക്കു ഇടയാക്കിയ തീരുമാനങ്ങൾക്കു അവർക്കും അവരുടെ ഡിപ്പാർട്ട്മെൻറിനും പങ്കില്ലായിരുന്നുവെന്നു വരുത്താൻ അവർ ആഗ്രഹിച്ചിരുന്നുവെന്നു വ്യക്തമാണ്."

## ചുമതലാബോധമില്ലാത്തവർ

സ്വന്തം ചുമതല മര്യാദക്കു നിർവ്വഹിക്കാതെ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞുമാറി ഉദ്യോഗക്കയററത്തിനും ശമ്പളക്കൂടുതലിനുംവേണ്ടി ശ്രമിച്ചിരുന്ന ഇതേ പട്ടാള മേധാവികളാണ് രാജ്യം നന്നാക്കാൻ രാജ്യ ഭരണം നടത്താൻ ശ്രമിക്കുന്നത്. ചുമതലയിൽ നിന്നൊഴിഞ്ഞുമാറാൻ ദില്ലിയിലെപട്ടാള മേധാവികൾ കാണിച്ച വെപ്രാളം ബ്രിഗേഡിയർ ദൽവി വ്യക്തമാക്കുന്നുണ്ട്. "സൈനികനടപടിയുണ്ടായ സമയത്തൊരിക്കലും തന്നെ എനിക്കു രേഖാമൂലം ഒരു ഉത്തരവും നൽകിയിട്ടില്ലെന്നത് ഓർത്താൽ അമ്പരന്നു പോകും." ബ്രിഗേഡിയർ തന്നെ സമ്മതിക്കുന്നു. ഈ സ്ഥിതിഗതികളുണ്ടായതിൻെറ കുററം ജനറൽ സ്ഥാഫിനും ആർമികമാണ്ടർക്കും മുന്നണികളിലെ കമാണ്ടർമാർക്കും ആണ്...... ചൈനാക്കാർക്കെതിരെ സൈനിക നടപടിയെടുക്കുന്നതിനുവേണ്ട പ്രായോഗിക പരിശീലനമോ യുദ്ധതന്ത്ര വിജ്ഞാനമോ ഇല്ലാതെ, സൈനിക നടപടിയെടുക്കാൻ സീനിയർ കമാണ്ടർമാർ തയാറായിരുന്നു.

ഗവണ്മെണ്ടിനെ സൈനിക കാര്യങ്ങളിൽ ശരിയായി ഉപദേശിക്കാൻ ഉത്തരവാദപ്പെട പടാള മേധാവികൾ അധികാരത്തിലിരുന്നവരുടെ പാദസേവ ചെയ്യാനാണ് ജാഗരൂകരായിരുന്നതെന്നു കാണാൻ ബ്രിഗേഡിയർ ദൽവിയുടെ പുസ്തകം വായിച്ചാൽമതി. മേലുദ്യോഗസ്ഥന്മാരുടെ പാദസേവ ചെയ്ത് ഉദ്യോഗ കയററം നേടുന്നതാണ് ഇവരുടെ ദൃഷ്ടിയിൽ രാജ്യസേവനം. ഇവരുടെ വിഡ്ഢിത്തത്തിന്റേയും അബദ്ധങ്ങളുടേയും ചുമതല രാഷ്ട്രീയ നേതാക്കളാണ് ഇന്നു പേറുന്നത്. ജനങ്ങൾക്കു രാഷ്ട്രീയ നേതാക്കളെ വിമർശിക്കാനെങ്കിലും സ്വാതന്ത്ര്യമുണ്ട്. ഇവന്മാര അധികാരത്തിൽ വന്നാലത്തെ സ്ഥിതിയാലോചിക്കുന്നത് നന്ന്.

ഇന്ത്യയിലെ പട്ടാള മേധാവികളെല്ലാം തന്നെ 'സാമ്രാജ്യത്വ മുതലാളിത്വ കൂട്ടുകെട്ടിലെ പങ്കാളികളാണ്. ഇന്നും ഇവർ സ്വന്തം അണികളിലെ സാധാരണ പട്ടാളക്കാരനോട് പെരുമാറുന്നത് നോക്കിയാൽ അത് വ്യക്തമാകും. ഇവരെ പരിശീലിപ്പിക്കുന്ന രീതിക്കും മാററമൊന്നുമുണ്ടായിട്ടില്ല. പെൻഷൻപററിപ്പിരിയുന്ന പട്ടാളമേധാവി ചെന്നെത്തുന്ന സ്ഥാനം നോക്കിയാൽ അവരുടെ കൂറുവ്യക്തമാകും. കുത്തകമുതലാളിമാരുടെ കമ്പിനികളിൽ ഡയറക്ടർമാരായും പബ്ലിക്ക് റിലേഷൻസ് മേധാവികളായും ഇവർ നിയമിക്കപ്പെടുന്നുണ്ട്. ഇത്തരക്കാരുടെ നേതൃത്വത്തിൽ ഇന്ത്യയിൽ സൈനിക ഭരണം വന്നാൽ, പാക്കിസ്ഥാനിലെ 20 കുടുംബങ്ങൾ തടിച്ചുകൊഴുത്ത് രാജ്യത്തിനെ തന്നെ വെല്ലുവിളിക്കുന്നതുപോലെ, ഇന്ത്യയിലും വിരലിലെണ്ണാവുന്ന കുടുംബക്കാരുടെ കയ്യിൽ സമ്പത്തും സർവ്വാധികാരങ്ങളും ചെന്നെത്തുമെന്നല്ലാതെ രാജ്യത്തിനു ഗുണകരമായി എന്തെങ്കിലും സംഭവിക്കുമെന്നു ആരും കരുതേണ്ടതില്ല. ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാജ്യമെന്നു ഇന്ത്യയെപ്പററി അഭിമാനം കൊള്ളുന്ന നമ്മുടെ ഭരണാധികാരികളും പട്ടാള മേധാവികൾ റിട്ടയർ ചെയ്യുമ്പോൾ പുതിയ ഉദ്യോഗം കൊടുത്ത് ബഹുമാനിക്കുന്നുണ്ട്. ജനറൽ കരിയപ്പ തന്നെ ആസ്ട്രേലിയയിൽ ഇന്ത്യയുടെ ഹൈക്കമ്മിഷണറായി നിയമിക്കപ്പെട്ടയാളാണ്. നാട്ടിൽ സൈനികഭരണം ഏർപ്പെടുത്തണമെന്നയഭിപ്രായമുള്ള ഒരുത്തനെ വിദേശത്ത് സ്ഥാനപതിയാക്കി വിട്ടകാലത്ത് അയാൾ എന്തൊക്കെ ചെയ്തിട്ടുണ്ടാകുമെന്നു ആരറിഞ്ഞു?

## വിദേശ പ്രേമം

അല്ലെങ്കിൽതന്നെ, നമ്മുടെ പട്ടാള മേധാവികളുടെ വിദേശ പ്രേമം വളരെക്കടന്നതാണ്. ദില്ലിയിലെ വിദേശസ്ഥാനപതി കാര്യാലയങ്ങളിൽ മദ്യമൊഴുകുന്ന വിരുന്നുകളിൽ പത്നീസമേതരായിച്ചെന്നു ഇവർ നടത്തുന്ന കൂത്താട്ടം അപഹാസ്യമാണ്. വിദേശപത്രമാസികകൾക്കു സൈനിക കാര്യങ്ങളെക്കുറിച്ച് ലേഖനങ്ങൾ എഴുതുന്ന പട്ടാളത്തലവന്മാർ ദില്ലിയിലുണ്ടെന്നു കേട്ടിട്ടുണ്ട്. ചിലരുടെയൊക്കെ ഭാര്യമാരും വിദേശികളാണ്. ഇന്നു ഒരു പക്ഷെ, ഇവർ സൈനിക വിപ്ലവത്തിനൊരുങ്ങാത്തതിൻെറ കാരണവും വിദേശബന്ധങ്ങൾതന്നെയായിരിക്കണം. പട്ടാള മേധാവികൾ റഷ്യൻ പക്ഷപാതികളും അമേരിക്കൻ പക്ഷപാതികളുമായിത്തിരി

# കത്തുകൾ

## പൊതു ഒഴിവുകൾ

"പരേതനോടുള്ള ബഹുമാനസൂചകമായി" പൊതുഒഴിവു ദിവസം പ്രഖ്യാപിക്കുന്ന ഗവർമ്മെണ്ടിന്റെ നടപടിയെ എതിർത്തു കൊണ്ടുള്ള ലേഖനം സമയോചിതമായിട്ടുണ്ട്. ഗവർമ്മെണ്ടിന്റെ ഒഴിവു ദിന പ്രഖ്യാപനം പ്രവൃത്തി ദിവസങ്ങളുടെ എണ്ണം കുറക്കുവാനും, അനാരോഗ്യകരങ്ങളായ അവകാശവാദങ്ങൾക്ക് വഴി തെളിയിക്കുവാനും മാത്രമേ ഉപകരിക്കുകയുള്ളൂ. ത്യാഗമനോഭാവത്തോടുകൂടി കൂടുതൽ കൂടുതൽ അദ്ധ്വാനിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്തിട്ടുള്ള ഒരു നേതാവ്. താൻ മരിക്കുന്നതിന്റെ പിറ്റേ ദിവസം പൊതുഒഴിവായി പ്രഖ്യാപിക്കപ്പെടണമെന്നു ആഗ്രഹിച്ചിരുന്നിരിക്കുകയില്ല. മഹാന്മാരോട് ആദരവ് പ്രകടിപ്പിക്കേണ്ടതു്, അവരുടെ ആദർശങ്ങളുടെ അന്തസ്സത്ത നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിപ്പിച്ചാണ്. അല്ലാതെ 'മരണാനന്തരബഹുമതിയായി" പൊതുഒഴിവു വിളംബരം ചെയ്തല്ല.

എൻ. കെ.
എറണാകുളം.

X X X X

## വ്യത്യസ്തപാത

അനുകാലിക മലയാള പ്രസിദ്ധീകരണ രംഗത്ത് തികച്ചും വ്യത്യസ്തമായ പാതയിൽ കൂടിയാണ് 'നിർണ്ണയം' സഞ്ചരിക്കുന്നത്.

സി. എ. ബഷീർ
ജമീല കോട്ടേജ്,
നെടുമങ്ങാട്.

X X X

## ചോദ്യോത്തര പംക്തികൾ വേണം

കെട്ടിലും മട്ടിലും മാററം വരുത്തിയാൽ കൊള്ളാം. വില അല്പം കൂടിപ്പോയി. എന്നെപ്പോലുള്ള പാവപ്പെട്ടവർക്കു വായിക്കുന്നതിനു വേണ്ടി വിലകുറച്ചാൽ കൊള്ളാമെന്നു അഭിപ്രായപ്പെടുന്നു. പരസ്യം സ്വീകരിക്കുകയെന്നുള്ളത്, പത്രപ്രവർത്തനത്തിന്റെ നിലനില്പിനു് ആവശ്യമാണ്. ഒരു രാഷ്ട്രീയ ചോദ്യോത്തര പംക്തി തുടങ്ങിയാൽ കൊള്ളാം. ഒരു രാഷ്ട്രീയ വാരികയായി "നിർണ്ണയം" മാറണമെന്നഭ്യർത്ഥിക്കുന്നു.

ഷാഹുൽ പുറക്കാട്,
സെക്രട്ടറി മണ്ഡലം കോൺഗ്രസ്സ്
കമ്മററി(സംഘടന)

X X X X

## കൊട്ടാരക്കരയിൽ മത്സരിക്കണം

കഴിഞ്ഞ ലക്കം 'നിർണ്ണയ'ത്തിൽ 'യൂത്ത് കോൺഗ്രസ്സുകാർ ചിന്തിക്കുമോ' എന്ന ലേഖനം വായിച്ചു. ഇന്നത്തെ യൂത്ത് കോൺഗ്രസ്സുകാരായ പലർക്കും അറിയാത്ത ചരിത്രമാണ് ചുരുക്കമായി ലേഖനത്തിൽ നൽകിയിട്ടുള്ളതു്.

കേരളത്തിലെ യൂത്ത് കോൺഗ്രസ്സ് ഓരോ കാലത്തും സ്വീകരിച്ചിരുന്ന പരിപാടികൾക്കു പിന്നിൽ വ്യക്തമായ ലക്ഷ്യമുണ്ടായിരുന്നുവെന്നു ലേഖകൻ പറയുന്നു. എന്നാൽ ഇതിൽ എത്രത്തോളം സത്യമുണ്ടെന്നു സംശയമുണ്ട്. ഒരു പക്ഷെ നയപരിപാടികൾ ആവിഷ്ക്കരിച്ച എം. എ. ജോണിനോ അദ്ദേഹത്തിന്റെ ഒന്നോ രണ്ടോ കൂട്ടുകാർക്കോ വ്യക്തമായ ഉദ്ദേശങ്ങൾ ഉണ്ടായിരുന്നിരിക്കണം. എന്നാൽ ഇന്നത്തെ യൂത്ത് കോൺഗ്രസ്സ് നേതാക്കൾക്കു ലക്ഷ്യബോധം തീരെയില്ലെന്നു പറയാതെ നിവൃത്തിയില്ല.

അതാതു് സമയത്തു് കയ്യടി കിട്ടുന്നതെന്താണെന്നു നോക്കി പുരോഗമനം അഭിനയിക്കുകയാണ് ഇന്നത്തെ യൂത്ത് കോൺഗ്രസ്സ് നേതാക്കൾ. കെ. പി. സി .സി. അഡ്ഹോക്ക് കമ്മിററിയെക്കാൾ കൂടുതൽ ഇന്നത്തെ ഗവർമ്മെണ്ടിനു പിന്തുണ നൽകാൻ വ്യഗ്രത കാണിക്കുന്നവരാണവർ. കോൺഗ്രസ്സ് വലതിന്റെ വാലാകരുതു്, എന്ന പേരിൽ പത്രാധിപർ എഴുതിയ ലേഖനത്തെ യൂത്ത് കോൺഗ്രസ്സ് നേതാക്കൾ അധിക്ഷേപിച്ചു നടക്കുന്നതായി അറിയാൻ കഴിഞ്ഞു. കോൺഗ്രസ്സിനെ കൂടുതൽ കൂടുതൽ ഇടതുപക്ഷത്തേക്കു കൊണ്ടുവരുകയെന്ന ഉദ്ദേശത്തോടെ പാലക്കാട്ട് സമ്മേളനത്തിൽ അംഗീകരിച്ച നയത്തിനുവിരുദ്ധമായാണ് യൂത്ത്കോൺഗ്രസ്സ്നേതാക്കൾ ഇന്നും പെരുമാറുന്നതു്. ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തേയും സർവ്വകലാശാലാനിയമത്തേയും എതിർത്ത കേരളാകോൺഗ്രസ്സുമായി കൂട്ടുകൂടണമെന്നാണ് യൂത്ത്കോൺഗ്രസ് നേതാക്കൾ പറയുന്നതു്. പ്രസിഡന്റ് എ.കെ.ആന്റണി ഇത്തരത്തിൽചെയ്ത പ്രസ്താവന 'ദീപിക' പത്രത്തിൽകണ്ടു. അതേസമയംതന്നെ യൂത്തു കോൺഗ്രസ്സ് നേതാക്കൾ അവകാശപ്പെടുന്നതു് കോൺഗ്രസ്സിലെ ഭിന്നിപ്പിന്റെ ഫലമായി പിന്തിരിപ്പന്മാരായ സിൻഡിക്കേററുകാർ പുറത്തുപോയി എന്നാണ്.

പിന്തിരിപ്പന്മാരായ കേരളാകോൺഗ്രസ്സുകാരെ എതിർക്കുന്നതിനു ഒന്നിച്ചുനിന്നവരാണ് സിൻഡിക്കേററുകാർ. ഇപ്പോൾ മാർക്സിസ്റ്റുകാരെ എതിർക്കാൻ കേരളാ കോൺഗ്രസുമായി കൂട്ടുകൂടണമെന്നു പറയുന്ന യൂത്ത്കോൺഗ്രസ് നേതാക്കളോട് ഒരു ചോദ്യമുണ്ട്. എന്നാൽ പിന്നെ സിൻഡിക്കേററുകാരുമായി ഒന്നിച്ചുകൂടെയെന്നു?

അതേപോലെ തന്നെ, സിൻഡിക്കേററുകാരെപ്പററി കോൺഗ്രസ്സിനുള്ള ആക്ഷേപം വർഗ്ഗീയകക്ഷിയായ മുസ്ലീം ലീഗുമായി കൂട്ടുചേർന്നുവെന്നാണല്ലോ. ഇവിടെ കോൺഗ്രസ്സ് വർഗ്ഗീയകക്ഷിയായ മുസ്ലീം ലീഗുമായി കൂട്ടുകൂടുന്നതിനെ എങ്ങിനെ ന്യായീകരിക്കാൻ കഴിയും?

---

കാഴ്ചപ്പാടുകൾ (തുടർച്ച)

ഞ്ഞിരിക്കുകയാണെന്നത് പരസ്യമായ രഹസ്യമാണ്. പട്ടാളമേധാവികളിൽ ഭൂരിഭാഗവും അമേരിക്കൻ പക്ഷപാതികളാണെങ്കിൽ ഇന്ത്യക്കു കിട്ടുന്ന സൈനിക സഹായം കൂടുതൽ റഷ്യയിൽനിന്നുമാണ്. നാളെ റഷ്യയും അമേരിക്കയും യോജിച്ച് ഇന്ത്യയിൽ സൈനിക ഭരണം ഏർപ്പെടുത്താൻ നിശ്ചയിച്ചാൽ കരിയപ്പയുടെ സ്വപ്നം യാഥാർത്ഥ്യമായിയെന്നു വരാം.

പക്ഷെ, ജനറൽ കരിയപ്പ സൈനിക ഭരണത്തിന്റെ യഥാർത്ഥ ശത്രുക്കളാരായിരിക്കുമെന്നു അറിയാവുന്ന ആളാണെന്നു സമ്മതിക്കണം. സൈനികഭരണം വന്നാൽ നടപ്പാക്കണമെന്നു അദ്ദേഹം ആശിക്കുന്ന ആദ്യത്തെ പരിഷ്ക്കാരം വിദ്യാർത്ഥികളെ. രാഷ്ട്രീയബോധമുള്ള വിദ്യാർത്ഥി വർഗ്ഗം അടിച്ചമർത്തലിനെ വെല്ലുവിളിക്കുമെന്നു ജനറൽ കരിയപ്പക്കു് അറിയാം. പാക്കിസ്ഥാനിൽ അതു് കണ്ടതാണ്. അയ്യൂബ്ഖാന്റെ അഴിഞ്ഞാട്ടത്തിനെതിരെ ആദ്യമായി സമരം അഴിച്ചുവിട്ടവർ വിദ്യാർത്ഥികളാണ്. ഇന്നും ബർമ്മയിലും മററും സൈനിക മേധാവികളുടെ തോന്ന്യാസത്തിനെതിരായി വിദ്യാർത്ഥികൾ വെല്ലുവിളികൾ ഉയർത്തുന്നു.

ജനറൽ കരിയപ്പയെ പോലെ കൈത്തരിപ്പുള്ള പട്ടാള മേധാവികൾക്കെതിരെ ഇന്ത്യയിലെ പ്രബുദ്ധമായ വിദ്യാർത്ഥികളും യുവാക്കളും ഉണർന്നിരിക്കുമെന്നു പ്രത്യാശിക്കാം

—0—

വേണമെന്ന മത രംഗത്തു് തന്നെ വാദിക്കുന്നവരെക്കാണാം. അടുത്ത കാലത്തു് എറണാകുളത്ത് നടന്ന കത്തോലിക്കാ ബിഷപ്പുമാരുടെ സമ്മേളനം ക്രിസ്തീയാചാരങ്ങളെ ഭാരതവൽക്കരിക്കണമെന്നു തീരുമാനിക്കുകയുണ്ടായി. പാതിരിമാർ വെളുത്ത ളോഹകൾക്കു പകരം കാവി ളോഹകൾ ധരിക്കാനും തുടങ്ങിയിട്ടുണ്ട്. കന്യാസ്ത്രീമാർ പൂത്താലം പിടിച്ചു നിൽക്കാനും അച്ചന്മാർ പുഷ്പാർച്ചന ചെയ്യാനും തുടങ്ങിയിട്ടുണ്ടു്. മെഴുകുതിരിയുടെ സ്ഥാനത്തു് നിലവിളക്കു് കത്തിച്ചുവെക്കാനും ആരംഭിച്ചിരിക്കുന്നു. ഇതൊക്കെ ക്രിസ്തീയാചാരങ്ങളെ ഭാരതവൽക്കരിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതാണെന്നാണ് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പറയുന്നതു്. ഭാരതവൽക്കരണ വാദത്തെത്തന്നെ എതിർക്കുന്നവർ ക്രിസ്തീയ ബിഷപ്പുമാരുടെ ഈ തീരുമാനത്തേയും എതിർക്കുമോ? ക്രിസ്തീയ പാതിരിമാർ ഇങ്ങനെ ചെയ്യുകയും അതിനു 'ഭാരതവൽക്കരണം' എന്നു പേരിടുകയും ചെയ്യുമ്പോൾ ഒരു മുസ്ലീംലീഗ് മന്ത്രി ഉൽഘാടനച്ചടങ്ങിൽ നിലവിളക്കു കൊളുത്താൻ തന്നെ മടികാണിക്കുകയാണ്. ഇങ്ങനെ വിഭിന്നമായ ആചാരങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന മന്ത്രിമാരും അവരെ പ്രോത്സാഹിപ്പിക്കുന്നവരും ഉള്ളപ്പോൾ ജനസംഘത്തെപ്പോലുള്ള സംഘടനകൾ ഉണ്ടാകാതിരിക്കുകയില്ല.

നാടമുറിക്കുന്നതിന്റെ സ്ഥാനത്ത് നിലവിളക്കു കൊളുത്തുന്നതോ, ഷാംമ്പെയിൽ കുപ്പിപൊട്ടിക്കുന്നതിന്റെ സ്ഥാനത്ത് നാളികേരമുടക്കുന്നതോ അത്രക്കു എതിർക്കപ്പെടേണ്ട സംഗതിയൊന്നുമല്ല. എതിർക്കപ്പെടേണ്ടതു് ജനങ്ങളിൽ മതപരമായ ഭിന്നതകൾ വർദ്ധിപ്പിക്കുന്നതിനേയാണ്. അങ്ങിനെ ചെയ്യണമെങ്കിലും എല്ലാമതങ്ങളിലേയും പ്രാകൃതാചാരങ്ങളേയും മതങ്ങളെതന്നെയും എതിർക്കുന്നവർക്കല്ലാതെ സാധിക്കുകയില്ല. 'ഭാരതവൽക്കരണ'മെന്നയാവശ്യത്തെ എതിർത്ത് രാജ്യസഭയിൽ പ്രസംഗിച്ചവരാരും അതു് ചെയ്യുകണ്ടില്ല.

ഭാരതവൽക്കരണം വേണമെന്നും ജനസംഘം വാദിക്കുന്നതിനെ എതിർക്കുന്നവർക്കു തങ്ങൾ ഇന്ത്യക്കാരുടെ ഏക രാഷ്ട്രബോധത്തെ വളർത്തുന്നതിനു എതിരല്ലെന്നു കാണിക്കാൻ സാദ്ധ്യതയുണ്ട്. ജനസംഘം ഹിന്ദുമതപുനരുദ്ധാരണത്തിനുവേണ്ടി വാദിക്കുന്നതിനെ ശക്തിയായിച്ചെറുക്കുന്നതോടോപ്പംതന്നെ എല്ലാ ഇന്ത്യാക്കാരേയും മതത്തിൽ നിന്നു വിമുക്തമാക്കി നവീകരിക്കാൻ പുരോഗമനവാദികൾ ശ്രദ്ധിക്കണം. മുസ്ലീമുകൾ ഇന്നു ഖുറാനിലും ശരിയത്ത് നിയമത്തിലും മാത്രം കുടുങ്ങിക്കിടക്കണമെന്നു വാദിക്കുന്നവരെ ഒരുതരത്തിലും പ്രോൽസാഹിപ്പിക്കരുതു്. കാരണം രാജ്യപുരോഗതിയാഗ്രഹിക്കുന്നയാരുംതന്നെ ഇന്ത്യയുടെ ജനസംഖ്യയിൽ ഏഴുകോടിയോളം വരുന്ന മുസ്ലീമുകൾ പുരോഗതിയാർജ്ജിക്കാതെ കിടക്കണമെന്നാഗ്രഹിക്കുകയില്ല. ജനസംഘത്തിന്റെ ഭാരതവൽക്കരണവാദം ഹിന്ദുമതപുനരുദ്ധാരണ വാദമാണെന്നതിനാൽ എതിർക്കുന്ന പുരോഗമനവാദികൾ ഇന്ത്യയിൽ പൊതുവായ വ്യക്തിനിയമം ഏർപ്പെടുത്തണമെന്നും വാദിക്കേണ്ടതായിരുന്നു. നേരെമറിച്ചുള്ള വിചിത്രമായ നിലപാടാണ് പുരോഗമനവാദികൾ എന്നു പറയുന്നവർ സ്വീകരിച്ചു കാണുന്നതു്.

ഗോവധനിരോധനകാര്യത്തിലും ഏകീകരിച്ച വ്യക്തിനിരോധനത്തിന്റെ കാര്യത്തിലും ഇവർ സ്വീകരിക്കുന്ന നിലപാടുകൾ പരിശോധിച്ചാൽ ഇതു് വ്യക്തമാകും. ഗോവധനിരോധനത്തിനുവേണ്ടി ജനസംഘം സംഘടിപ്പിച്ച പ്രക്ഷോഭണത്തെ ഇന്ത്യയിലെ എല്ലാ പുരോഗമനശക്തികളും ഒന്നിച്ചെതിർത്തു. ഭരണഘടനയിൽ ഗവർമ്മെണ്ടുകൾക്കുള്ള നിർദ്ദേശകതത്വങ്ങളായിക്കൊടുത്തിട്ടുള്ള ഒരു നിർദ്ദേശമാണ് ഗോവധനിരോധമെന്നു അറിയുമായിരുന്നിട്ടുകൂടി അങ്ങിനെ ചെയ്തു. യഥാർത്ഥത്തിൽ ഭരണഘടനയെ ബഹുമാനിക്കുന്നവർക്കു ജനസംഘത്തിന്റെയാവശ്യത്തെ എതിർക്കാൻ അത്ര വലിയ ന്യായമില്ല. എന്നിട്ടും ന്യായമായി തന്നെ ഈയാവശ്യത്തെ പാർലിമെന്റിനകത്തും പുറത്തുമുള്ളവർ എതിർത്തു.

ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽതന്നെ പറഞ്ഞിട്ടുള്ളതാണ് ഇന്ത്യയിലെ വ്യക്തിനിയമങ്ങൾ ഏകീകരിക്കണമെന്നു. ആയാവശ്യം ആരും ഉന്നയിക്കുന്നില്ലെന്നു മാത്രമല്ല, ഉന്നയിക്കുന്നവരെ 'ഭാരതവൽക്കരണ,മെന്നു വാദക്കാരാണെന്നു പറഞ്ഞു് പുരോഗമനവാദികളെ അവകാശപ്പെടുന്നവർ എതിർക്കുകയാണ്. ഈ സമ്പ്രദായം തുടർന്നാൽ വർഗ്ഗീയത വളരുകയല്ലാതെ അവസാനിക്കാൻ പോകുന്നില്ല. അതുകൊണ്ടു് എല്ലാ പുരോഗമനവാദികളും ഭാരതവൽക്കരണത്തിന്റെ പേരിലുള്ള മത പുനരുദ്ധാരണവാദത്തെ എതിർക്കുന്നതോടൊപ്പം നവീകരണാടിസ്ഥാനത്തിലുള്ള യഥാർത്ഥമായ ഏകീകരണത്തിനുവേണ്ടി വാദിക്കാനും ബാദ്ധ്യസ്ഥരാണ്.

—0—

കേരളാ കോൺഗ്രസ്സിന്റേയും മുസ്ലീം ലീഗിന്റേയും നിയന്ത്രണത്തിലുള്ള ഇന്നത്തെ ഭരണത്തെ എന്തു ചെയ്തും താങ്ങിനിർത്തേണ്ടയാവശ്യം കോൺഗ്രസ്സിനില്ല. അതുകൊണ്ടു് കൊട്ടാരക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ അച്ചുതമേനോനെ സഹായിക്കേണ്ടയാവശ്യവുമില്ല. ആസ്സാമിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ആസ്സാം പ്രദേശ് കോൺഗ്രസ്സ് കമ്മററി പ്രസിഡൻറിനെതിരായി വലത് കമ്മ്യൂണിസ്റ്റ് പാർട്ടിസ്ഥാനാർത്ഥിയെ നിർത്തിയിരുന്നു. ഇതൊക്കെയായി വലിഞ്ഞു കയറി അച്ചുതമേനോനു പിന്തുണ നൽകാൻ കോൺഗ്രസ്സ് ഒരുമ്പെടുന്നതു് ലജ്ജാകരമാണ്.

കുഞ്ഞിപ്പാലു,
ഇരിഞ്ഞാലക്കുട.

(ഗോവധ നിരോധനം
16–ാം പേജിൽ നിന്നും തുടർച്ച)

കാലികളെ വളർത്തി രാജ്യം മുടിക്കാൻ അനുവദിക്കാവുന്നതല്ല. മനുഷ്യർക്കുതന്നെ ജീവിക്കാൻ ഭക്ഷണം കിട്ടാത്തിടത്ത് കന്നുകാലികളെക്കൂടി തീററിപ്പോററാൻ ഗവർമ്മെണ്ടു് കൂട്ടുനിൽക്കരുതു്.

ആടിനെ തിന്നാം പശുവിനെ തിന്നരുതെന്നു പറയുന്നവരുടെ വാദത്തിനു പിന്നിൽ ശാസ്ത്രീയയുക്തിയൊന്നുമില്ലെന്നതിനു മറെറാരു തെളിവും കൊണ്ടുവരേണ്ടയാവശ്യമില്ല. ഏററവും നല്ല പോഷകാഹാരമായ പശുയിറച്ചി നിർല്ലോഭം ലഭിക്കാൻ സാദ്ധ്യതയുള്ള ഈ രാജ്യത്തെ ഗവർമെണ്ടിനു വിദേശരാജ്യങ്ങൾതോറും നടന്നു് ഭക്ഷ്യധാന്യങ്ങൾ ഇരക്കാൻ എങ്ങിനെ സാധിക്കുന്നുവെന്നതാണത്ഭുതം. ഒരു പക്ഷെ ഈ ഭക്ഷ്യസഹായം നൽകുന്ന വിദേശികൾക്കു ഇന്ത്യയെന്നും മദ്ധ്യകാലത്തിൽ കഴിയണമെന്നായിരിക്കുമോ ആഗ്രഹം?

ഇതിനകം തന്നെ ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്ന ഭരണഘടനയുടെ മൂലയിൽ കിടക്കുന്ന വകുപ്പുകൾ തപ്പിയെടുത്ത് കൊണ്ടു് വന്നു ഗോവധം നിരോധിക്കണമെന്നു പറയുന്നവരോടു് അതു് സാദ്ധ്യമല്ലെന്നും ഭരണഘടനയിലെ ഈ വകുപ്പിനു ഒരു വിലയും കല്പിക്കാനാവില്ലെന്നും എല്ലാ രാജ്യസ്നേഹികളും ഒരേ സ്വരത്തിൽ പറയണം. മദ്യനിരോധനം ഏർപ്പെടുത്തണമെന്നും ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആളുകളെ മദ്യം കഴിക്കാൻ പ്രേരിപ്പിക്കുകയുംപശുവിറച്ചി തിന്നരുതെന്നുവിലക്കുകയുംചെയ്യുന്നഗവർമ്മെണ്ടുകൾ ഇന്ത്യയിലല്ലാതെ മറെറാരിടത്തും കാണുകയില്ല.

Vol. 1

# NIRNAYAM

No. 7 (ERNAKULAM 8TH MARCH 1970) Price 35 Ps.

## കുറിപ്പുകൾ (തുടർച്ച)

കാരണം, ഈ വിദേശ സാംസ്ക്കാരിക കേന്ദ്രങ്ങൾ ഫലത്തിൽ ദേശീയ വിരുദ്ധ കേന്ദ്രങ്ങളായിത്തീരുകയാണ്. ഗ്രന്ഥശാലകൾ നടത്തുക, പ്രദർശനങ്ങൾ സംഘടിപ്പിക്കുക, ചലച്ചിത്ര പ്രദർശനം നടത്തുക, സെമിനാറുകൾ, സമ്മേളനങ്ങൾ എന്നിവ നടത്തുക എന്നിങ്ങനെ വിജ്ഞാനം പരത്തുന്നവരാണ് ഈ കേന്ദ്രങ്ങൾ എന്നാണ് പറയപ്പെടുന്നതു്. ഇതിന്റെയൊക്കെ പേരിൽ പല വിദേശ സാംസ്ക്കാരിക കേന്ദ്രങ്ങളേയും നിലനിർത്തണമെന്നു വാദിക്കാൻ പത്രങ്ങൾ ഒന്നിനൊന്നു മുന്നോട്ടു വന്നിരിക്കുന്നു. സാഹിത്യകാരന്മാർ പ്രസ്താവനകളിറക്കുന്നു. സാംസ്ക്കാരിക കേന്ദ്രങ്ങളിൽ നിന്നു പുസ്തകമെടുത്ത് വായിക്കുന്നതു കൊണ്ടാണ് ഈ വിദേശ സാംസ്ക്കാര പ്രേമം എന്നു ധരിക്കേണ്ട. വിദേശ യാത്രകളും മററു സൗകര്യങ്ങളും തരപ്പെടുത്തുകയല്ലാതെ ഇതിന്റെ പിന്നിൽ മറെറാരു ഉദ്ദേശവുമില്ല. വിദേശ സ്വാധീനത്താൽ നയിക്കപ്പെടുന്നവരാണ് ഇത്തരക്കാരായ പത്രാധിപരും ബുദ്ധിജീവികളും.

വിദേശനയങ്ങൾ ഇന്ത്യയിൽ കൊണ്ടുവന്നു വിജ്ഞാനം നടത്തണമെന്നു നിർബ്ബന്ധമാണെങ്കിൽ ഇന്ത്യയിൽ നാട്ടുകാർ നടത്തുന്ന സ്ഥാപനങ്ങൾക്കു പുസ്തകങ്ങൾ കൊടുത്താൽ മതി. നാട്ടിലെ ഗ്രന്ഥശാലകൾ പുസ്തകങ്ങൾ വിതരണം ചെയ്തുകൊള്ളും. അതേപോലെ തന്നെ പ്രദർശനം നടത്തുന്നതും സമ്മേളനം സംഘടിപ്പിക്കുന്നതുമെല്ലാം നാട്ടുകാരുടെ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തന്നെയായാൽ മതി.

സാംസ്ക്കാരിക കേന്ദ്രങ്ങൾ പുറമേ കാണത്തക്കവിധം നടത്തുന്ന ഇത്തരം സേവനങ്ങൾക്കു പുറമേ, ഭൂഗർഭത്തിൽ നടത്തുന്ന ചില സേവനങ്ങളുണ്ട്. ഈ സേവനത്തിനുവേണ്ടി എ. സി. സി. യൂത്ത് സെൻറർ, സ്റ്റുഡൻസ് സെൻറർ എന്നൊക്കെയുള്ളപേരിൽ ചില സംഘടനകൾ ഉണ്ടാക്കുക, അവർക്കു വിദേശയാത്ര ചെയ്യാൻ സൗകര്യം നൽകാമെന്നും പ്രലോഭിപ്പിച്ചും സ്കോളർഷിപ്പുകൾ നേടി കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തും അവരെ വിദേശപ്രചാരകരും ആക്കുക എന്നിങ്ങനെയുള്ള പരിപാടികളും മുറക്കു നടക്കുന്നുണ്ട്.

ഇങ്ങിനെയുള്ള വിദേശസാംസ്ക്കാരിക കേന്ദ്രങ്ങളിലെ സായിപ്പന്മാരുമൊത്ത് നൃത്തം ചെയ്യാനും അവരുടെ കൈപിടിച്ച് കുലുക്കാനും ഒരു മടിയും കാണിക്കാത്ത പെൺകുട്ടികൾ വരെ ഇന്നും ഇവിടെയുണ്ട്. ഈ പെൺകുട്ടികൾ നാട്ടുകാരും അവരുടെ സഹപാഠികളുമായ ആൺകുട്ടികളുടെ മുഖത്ത് നോക്കി ചിരിക്കുന്നതുപോലും പാപമാണെന്നു കരുതുന്നവരുമാണ്. വിദേശ സാംസ്ക്കാരിക കേന്ദ്രങ്ങൾ വിജയകരമായി സേവനമനുഷ്ഠിക്കുന്നതിന്റെ ഒരു ദൃഷ്ടാന്തമാണിതു്.

കഴിയാവുന്നത്ര വിദേശസാമ്പത്തിക സഹായങ്ങൾതന്നെ നിർത്തുകയാണ് വേണ്ടതു്. സാംസ്ക്കാരികമായ സഹായം നമുക്ക് ഒട്ടും ആവശ്യമില്ല. വിജ്ഞാനം ആവശ്യമാണെങ്കിൽ സർവ്വകലാശാലകൾ വഴി നാട്ടുകാരുടെ സമ്പൂർണ്ണ നിയന്ത്രണത്തിൽ തന്നെ നൽകിയാൽ മതി. നാട്ടുകാരുടെ പൂർണ്ണമായ നിയന്ത്രണാധികാരത്തിൽ പ്രവർത്തിക്കുന്നസാംസ്ക്കാരിക കേന്ദ്രങ്ങൾ വഴിയായി മാത്രമേ വിദേശ സാംസ്ക്കാരവുമായി ബന്ധപ്പെടാൻ ആരേയും അനുവദിക്കാവൂ. വിദേശസാംസ്ക്കാരിക കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ ഗവർമ്മെണ്ട് അടിയന്തിര നടപടി എടുക്കണം.

—0—

# ഗോവധനിരോധനം

ഗോവധ നിരോധത്തെക്കുറിച്ച് ലോകസഭയിൽ നടന്ന ചർച്ചകൾ ഗവണ്മെണ്ടിന്റെ അനിശ്ചിതത്വമാണ് പ്രകടമാക്കുന്നത് ഭരണഘടനയിൽ ഗവണ്മെണ്ടുകൾക്കുള്ള നിർദ്ദേശക തത്വങ്ങളിൽ ഗോവധനിരോധനം ഏർപ്പെടുത്തണമെന്നു പറഞ്ഞിട്ടുണ്ട്. ജാതികളുടേയും മതങ്ങളുടേയും പ്രാകൃതത്വത്തിന്റേയും സോഷ്യലിസത്തിന്റേയും എല്ലാം ചേർന്നുള്ള ഒരു കീരഭാണ്ഡമാണല്ലോ നമ്മുടെ ഭരണഘടന. അതിൽ മുമ്പെങ്ങോ എന്തോ വിഡ്ഢിത്തരം എഴുതിപ്പിടിപ്പിച്ചതിന്റെ പേരിൽ ഗവണ്മെണ്ട് ഉറച്ചുനിൽക്കുമെന്നാണ് ഭക്ഷ്യമന്ത്രി ജഗജീവൻറാം പറയുന്നത്.

ഗോവധ നിരോധന പ്രശ്നത്തെ ഹിന്ദു–മുസ്ലീം പ്രശ്നത്തിന്റെ ഭാഗമായാണ് ഇന്നു നേതൃത്വത്തിലുള്ള പലരും കാണുന്നത്. സമ്പൂർണ്ണമായ ഗോവധ നിരോധത്തെ എതിർത്തുകൊണ്ട് ലോകസഭയിൽ മുഷീർ അഹമ്മദ് എന്ന കോൺഗ്രസ്സ്കാരൻ സംസാരിക്കാൻ എഴുന്നേററപ്പോൾ രാജ്യദ്രോഹി, എന്നു വിളിച്ചുപറയുന്നത് കേൾക്കാമായിരുന്നുവെന്നാണ് റിപ്പോർട്ട്. ഗോവധ നിരോധം ഏർപ്പെടുത്താനവശ്യപ്പെടുന്നവരെ പോലെ രാജ്യദ്രോഹികളായി മററാരുമുണ്ടെന്നു തോന്നുന്നില്ല.

ഇന്ത്യയിലാണ് ലോകത്തിൽവെച്ചേററവും കൂടുതൽ ഉപയോഗശൂന്യമായ കന്നുകാലികളുള്ളതു്. ഇത്രയേറെ കന്നുകാലികളെ പോററാനുള്ള കഴിവ് ഒരു രാജ്യത്തിനുമില്ല. ഉത്തരേന്ത്യയിലെ വരണ്ടുവീണ മരുഭൂമിപോലുള്ള പ്രദേശങ്ങളിൽ ഒട്ടിയ വയറും എല്ലുന്തിയ കോലുമായി അലഞ്ഞുതിരിയുന്ന മിണ്ടാപ്രാണികളെ കണ്ടാൽ അനുതാപം തോന്നാത്തവരുണ്ടാകയില്ല. പക്ഷെ ക്രൂരമാംവണ്ണം പീഡിപ്പിക്കപ്പെട്ടു ഇഞ്ചിഞ്ചായി കൊല്ലപ്പെടുന്ന ഈ മൃഗങ്ങളുടെ നടുക്കു നിന്നു കൊണ്ട് ഗോവധം നിരോധിക്കണമെന്നു അലമുറയിടാൻ ശങ്കരാചാര്യരെപ്പോലുള്ള മദ്ധ്യകാലജീവികൾക്കല്ലാതെ സാധിക്കുകയില്ല.

ഇവരുടെ ഈയാവശ്യത്തിന്റെ പിന്നിൽ മതപരമായ വികാരങ്ങളല്ലാതെ മറെറന്താണുള്ളതു്? ഇവററകളെ എതിർക്കാൻ ആരെങ്കിലും മുന്നോട്ടു വന്നാൽ മുസ്ലീമുകൾ പന്നിയിറച്ചി തിന്നാത്തതു് മതപരമായ വികാരം കൊണ്ടല്ലേ എന്ന മറുചോദ്യം ഉയരും. മതന്യൂനപക്ഷക്കാരുടെ അപരിഷ്കൃതത്വത്തിനു കൂട്ടുനിൽക്കുന്ന ഇടതുപക്ഷ പുരോഗമനക്കാർ നിശ്ശബ്ദരാകുകയും ചെയ്യും. ഈ രംഗത്തു ഹിന്ദുക്കളിലേയും മുസ്ലീമുകളിലേയും പഴഞ്ചന്മാർ ഐക്യമുന്നണിയാണ്.

ഭക്ഷ്യക്ഷാമം കൊടുമ്പിരികൊള്ളുന്ന ഈ നാട്ടിൽ കുടുംബാസൂത്രണം പ്രചരിപ്പിക്കുന്നതോടൊപ്പം ആളുകളെ പശുവിറച്ചി തിന്നാനും പ്രേരിപ്പിക്കണം. നവീനരീതിയിൽ അറവുശാലകൾ ഏർപ്പെടുത്തി ഗോമാംസം കേടുകൂടാതെ പാക്കററുകളിലായി വിതരണം ചെയ്യുന്നതിനുള്ള വ്യവസായശാലകൾ ഏർപ്പെടുത്തുകയും വേണം. പശുക്കളേയും കന്നുകാലികളേയും വളർത്തുന്നതു് കാർഷികവൃത്തിയുടെ ഭാഗമായി മാത്രമേ കണക്കാക്കാവൂ. ജീവിക്കുന്ന കാലത്ത് കന്നുകാലികളെ നല്ലവണ്ണം സംരക്ഷിക്കുകതന്നെ വേണം. എന്നാൽ പാൽകിട്ടാനും, പാടമുഴാനും, ഇറച്ചിതിന്നാനുമല്ലാതെ കന്നു

(ശേഷം 15-ാം പേജിൽ)

Edied printed and published by M. A. John Convent Road, Cochin-11

at Empees Press, Gopal prabhu Road, Cochin-11